# മുൻകുറിപ്പ്

കാർകുഴലി സാഹിത്യരസികരായ മലയാളികൾക്കു സുപരിചിതമായ വാക്കാണ്. ഹീബ്രുവിലെ ഒരു മിസ്റ്റിക് പ്രേമകാവ്യത്തിന്റെ തർജമയാണ് കാർകുഴലി എന്ന പേരിൽ ഈ സമാഹാരത്തിൽ ചേർത്തിരിക്കുന്നത്. മൂലത്തിൽ കാർകുഴലിക്കു സമാന്തരമായ ഹീബ്രു പദമാണ് യെഫേഫിയ്യ. അതിസുന്ദരി എന്നു വാച്യാർത്ഥം. യെഫേഫിയ്യ ജൂതരുടെ മലയാളം പെൺപാട്ടിലെത്തിയപ്പോൾ കാർകുഴലിയായി. ജൂതപ്പാട്ടുകളുടെ സാമാന്യസ്വഭാവം വിശദീകരിക്കാൻ കാർകുഴലി–യെഫേഫിയ്യ എന്ന രേഖാബന്ധിതപദം സമാഹാരത്തിന്റെ ശീർഷകമായി സ്വീകരിച്ചു.

രേഖാബന്ധിത സമസ്തപദത്തി (hyphenated compound) ൽ ഘടകപദങ്ങൾക്കു വ്യക്തമായ അതിർത്തികളുണ്ട്. പക്ഷേ അവ രേഖാബലംകൊണ്ട് ഒറ്റപ്പദമായി പ്രവർത്തിക്കുന്നു. ഈ ഭാഷാമാതൃക കേരളീയ ജൂതത്തനിമ വിശദീകരിക്കാൻ ഉപകരിക്കും. കേരളീയജൂതർ തങ്ങൾ രണ്ടായിരം വർഷത്തോളം പ്രവസിച്ച നാടായിട്ടാണ് കേരളത്തെ കാണുന്നത്. തങ്ങളുടെ പ്രവാസമുദ്രകളെ പ്രാദേശികത്തനിമയായി അവർ തിരിച്ചറിയുന്നു. ദ്വന്ദ്വസമാസത്തിലെ ഘടകപദങ്ങൾപോലെ ജൂതത്തനിമയും കേരളത്തനിമയും ഉൾപ്പെടുത്തി, ഉഭയഘടക പ്രാധാന്യത്തോടെ കേരളീയ ജൂതത്തനിമ കൊണ്ടാടുന്നവരാണ് കേരളീയജൂതർ. ഒരുതരം സർഗ്ഗാത്മക സംരചനയിലൂടെയാണ് ഇതു സാധ്യമാകുന്നത്. ജൂതരുടെ മലയാളം പെൺപാട്ടുകളിൽ പ്രകടമാകുന്ന മലയാളിത്തവും ജൂതത്തവും തുല്യപ്രാധാന്യത്തോടെ വായനക്കാരുടെ കാഴ്ചവട്ടത്ത് അവതരിപ്പിക്കാൻ കാർകുഴലി – യെഫേഫിയ്യ എന്ന ശീർഷകം ഉപകരിച്ചേക്കും.

ജൂതരുടെ മലയാളം പെൺപാട്ടുകൾ ഇതാദ്യമായി സമാഹാരരൂപത്തിൽ ബഹുജനദൃഷ്ടിയിൽ എത്തുകയാണ്. 51 പാട്ടുകളാണ് ഇവിടെ ചേർത്തിരിക്കുന്നത്. മുന്നൂറോളം പാട്ടുകൾ മുപ്പതോളം നോട്ബുക്കുകളിലായി ലഭ്യമാണെങ്കിലും (ഇതിന് ഷെർലി ഇസൻബർഗ്, പി. എം. ജ്യുസെ, ബാർബറാ ജോൺസൺ എന്നീ ആദ്യകാല

ഗവേഷകർക്കു നന്ദി പറയണം) ഒരു തുടക്കം എന്ന നിലയിൽ ഏതാനും പാട്ടുകൾ തെരഞ്ഞെടുത്തു ഹീബ്രു തർജമയും മലയാളത്തിലും ഹീബ്രുവിലുമുള്ള വ്യാഖ്യാനക്കുറിപ്പുകളും ചേർത്ത് ഒരു പുസ്തകമായി പ്രസിദ്ധീകരിക്കുന്നു. ചില പാട്ടുകളുടെ പാഠഭേദങ്ങൾ 20, 21, 22, 32) തർജമയിൽ വിട്ടുകളഞ്ഞതുകൊണ്ട് ഹീബ്രുവിൽ 47 പാട്ടുകളേ ഉള്ളു. മലയാളത്തിലും ഹീബ്രുവിലുമുള്ള പാട്ടുകളുടെ ക്രമനമ്പരും പൊരുത്തവും കൈയെഴുത്തിലെ തിരിച്ചറിയൽ അക്കങ്ങളും കാണിക്കുന്ന പട്ടിക ഗ്രന്ഥാവസാനത്തിൽ ചേർത്തിരിക്കുന്നു. ഹീബ്രു സർവകലാശാലയിലെ സംസ്കൃതാധ്യാപികയും ഗവേഷകയുമായ ഒഫീറ ഗംലിയേലാണ് ഹീബ്രു തർജമയും ഹീബ്രുവിലുള്ള വ്യാഖ്യാനക്കുറിപ്പുകളും തയ്യാറാക്കിയത്. ഹീബ്രു തർജമയെക്കുറിച്ച് ഒഫീറ തയ്യാറാക്കിയ കുറിപ്പ് പുസ്തകത്തിലുണ്ട്. പെൺപാട്ടുകളുടെ ഗവേഷണപഠനചരിത്രവും പ്രകടനസന്ദർഭങ്ങളും വിവരിക്കുന്ന ബാർബറാ ജോൺസൺന്റെ ലേഖനം പിൻകുറിപ്പായി ഇംഗ്ലീഷിൽ ചേർത്തിരിക്കുന്നു.

മുപ്പതുവർഷമായി ജൂതരുടെ മലയാളം പെൺപാട്ടുകളെക്കുറിച്ചുള്ള അന്വേഷണത്തിലാണ് അമേരിക്കൻ നരവംശശാസ്ത്രജ്ഞയും കോർണലിലെ ഇത്താക്കാ കോളജിൽ അധ്യാപികയുമായ ബാർബറാ. ജൂതരുടെ പെൺപാട്ടുകൾ പഠിക്കാൻ ഒരു ഭാഷാസഹായി എന്ന നിലയിൽ എന്നെ ഈ അന്തർദേശീയ ഗവേഷണപദ്ധതിയിലേക്കു നിർബന്ധിച്ചു കൂട്ടിക്കൊണ്ടു വന്നത് ബാർബറായാണ്. ബാർബറായുടെ ഡോക്ടറൽ ഗവേഷണപ്രബന്ധം കൊച്ചിയിലെ ജൂതരെക്കുറിച്ചാണ്. ഇതിനു പൂരകമാണ് ഇസ്രായേലിൽ കുടിയേറിപ്പാർത്ത കേരളജൂതരുടെ ആചാരാനുഷ്ഠാനങ്ങളിൽ വരുന്ന മാറ്റങ്ങളെക്കുറിച്ച് മാർസിയ വാലർസ്റ്റൈയിൻ നടത്തിയ പഠനം. ബാർബറായുടെ പഠനം കൊച്ചിയിലെ പരദേശിജൂതരിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. വാലർസ്റ്റൈന്റെ പഠനമാകട്ടെ ഇസ്രായേലിലെ നെവാതിമിലും മറ്റും താമസിക്കുന്ന (പരദേശികളല്ലാത്ത) ജൂതരെ മുൻനിറുത്തിയായിരുന്നു. ഇങ്ങനെ രണ്ട് അമേരിക്കൻ ഗവേഷകർ ഡോക്ടറൽ തലത്തിലുള്ള പഠനത്തിനു കേരളജൂതരുടെ ചടങ്ങുകളും പാട്ടുകളും വിഷയമാക്കിയിട്ടുണ്ട്. വിലപ്പെട്ട വിവരങ്ങൾ അവരുടെ അപ്രകാശിത ഗവേഷണപ്രബന്ധങ്ങളിൽനിന്നു ലഭിക്കുന്നു.

ജൂതപ്പാട്ടുകളുടെ ഗവേഷണപഠനത്തിന്റെ ഭാഗമായി ഇങ്ങനെയൊരു സമാഹാരം ഉടൻ പ്രസിദ്ധീകരിക്കണമെന്ന നിർദ്ദേശം അവതരിപ്പിച്ചത് ഞാനാണെങ്കിലും ഈ ആശയം എനിക്ക് ഉപദേശിച്ചുതന്നത്

എന്റെ ദീർഘകാല ഗവേഷണ മിത്രമായ ഡോ. ആൽബ്രഷ്ട് ഫ്രൻസാണ്. ഇക്കാര്യത്തിൽ എന്നെ ഉത്സാഹിപ്പിക്കാൻ അദ്ദേഹം 2001 ൽ ഒരു മാസക്കാലം ഞങ്ങളുടെകൂടെ ജറുസലമിൽ വന്നു താമസിച്ചു. ആ സഹവാസത്തിനിടയിൽ ചില പാട്ടുകൾ ഞങ്ങൾ ജർമ്മൻ ഭാഷയിലേക്ക് തർജമ ചെയ്തു നോക്കി. ഫ്രൻസിനു മലയാളമോ എനിക്കു ജർമ്മനോ സുഗമമായി കൈകാര്യം ചെയ്യാൻ പ്രാപ്തിയില്ലെങ്കിലും ഇംഗ്ലീഷിന്റെ മാദ്ധ്യസ്ഥ്യത്തിൽ ഇത്തരം പല തർജമകളും ഗുണ്ടർട്ട് പഠനങ്ങളുടെ ഭാഗമായി ഞങ്ങൾ ചെയ്തിട്ടുണ്ട്. എങ്കിലും നാടൻപാട്ടുകളിൽ കൈവയ്ക്കുന്നത് ഇതാദ്യമായിരുന്നു. കുറെ പണിപ്പെട്ടിട്ടാണെങ്കിലും – അങ്ങോട്ടുമിങ്ങോട്ടും വീണ്ടും വീണ്ടും ഇംഗ്ലീഷിലൂടെ തർജമ ചെയ്തു കേൾപ്പിച്ചു നടത്തിയ 'ബാക് ട്രാൻസ്‌ലേഷൻ' എന്നു വിളിക്കാവുന്ന അഭ്യാസത്തിലൂടെ തർജമ പൂർത്തിയാക്കി 2002 –ൽ ജൂതരുടെ മലയാളം പെൺപാട്ടുകളുടെ ജർമ്മൻ പതിപ്പു പ്രസിദ്ധീകരിച്ചു. റെയ്നർ സ്കോഡർ എന്ന കലാകാരൻ നൽകിയ മർമ്മസ്പർശിയായ രേഖാചിത്രങ്ങളോടുകൂടി തയ്യാറാക്കിയ *In meinem Land leben verschiedeneVölker* എന്ന ജർമ്മൻ പുസ്തകം ബർലിനിലെ അന്തർദ്ദേശീയ സാംസ്കാരികകേന്ദ്രത്തിൽവച്ച് കാൽവിലെ മേയർ പ്രകാശനം ചെയ്തു. ബർലിനിലെ ജൂതസമൂഹത്തിന്റെ പ്രതിനിധികൾ കൂടി സജീവമായി പങ്കെടുത്ത പ്രകാശനച്ചടങ്ങ് കേരളത്തിന്റെ സാംസ്കാരികത്തനിമ വിശദീകരിക്കാൻ എനിക്ക് അവസരമായി. നോബൽസമ്മാന ജേതാവ് ഹെർമൻ ഹെസ്സേയുടെ ജന്മശതാബ്ദി ആഘോഷങ്ങളുടെ പശ്ചാത്തലത്തിലായിരുന്നു ഈ ചടങ്ങ്. ജർമ്മൻ പുസ്തകത്തിനു നല്ല സ്വീകരണമാണു ലഭിച്ചത്. ജർമ്മൻ വായനക്കാർക്കു കേരളത്തിന്റെ സാംസ്കാരിക സമന്വയമാതൃക കൗതുകകരമായിരുന്നിരിക്കണം. ജർമ്മൻ പതിപ്പിൽ വൈലോപ്പിള്ളിയുടെ 'കേരളത്തിലെ യഹൂദർ ഇസ്രായേലിലേക്ക്' (വൈലോപ്പിള്ളി സമ്പൂർണ്ണ കൃതികൾ, കറന്റ് ബുക്സ്, തൃശൂർ 2001 : 351–355) എന്ന മനോഹരകവിതയുടെ തർജമകൂടി ചേർത്തതുകൊണ്ട് കേരളീയ സാമൂഹിക പാരസ്പര്യത്തിന്റെയും സംഘചേതനയുടെയും ചിത്രം കുറേക്കൂടി വ്യക്തമായിരിക്കണം.

ഇപ്പോൾ നിങ്ങളുടെ കൈയിലിരിക്കുന്ന മലയാളം–ഹീബ്രു പുസ്തകത്തിലും ഹീബ്രു ഭാഗത്തു വൈലോപ്പിള്ളിക്കവിതയുണ്ട്. ജൂതപ്പാട്ടുകൾക്കു കേരളത്തിലെ ജൂതേതരർ നൽകുന്ന അനുപല്ലവി എന്ന നിലയിൽ വൈലോപ്പിള്ളിയുടെ കവിതയെ വ്യാഖ്യാനിക്കാം. ഏതായാലും ജൂതപ്പാട്ടുകൾക്കൊപ്പം വൈലോപ്പിള്ളിയുടെ കവിതയും വായിച്ചാൽ കേരളത്തിന്റെ സാംസ്കാരിക സമന്വയം കൂടുതൽ ഹൃദ്യവും

സ്പഷ്ടവുമായിത്തീരും. ജൂതപ്പാട്ടുകൾ വായിക്കുന്ന വിദേശികൾക്കു മാത്രമല്ല, മലയാളികൾക്കും വൈലോപ്പിള്ളിക്കവിത നല്ല മേമ്പൊടി യായിരിക്കും.

ജൂതപ്പാട്ടുകളെക്കുറിച്ചുള്ള അന്തർദേശീയ ഗവേഷണപഠന ത്തിന്റെ വേദി ജറുസലമിലെ ഹീബ്രു സർവകലാശാലയുടെ ഭാഗമായ ബെൻസ്വി ഇൻസ്റ്റിറ്റ്യൂട്ടാണ്. കിഴക്കൻനാടുകളിലെ ജൂതരെക്കുറിച്ചുള്ള പഠനത്തിനാണ് ഈ ഗവേഷണസ്ഥാപനം മുൻഗണന നൽകുന്നത്. അനേകം മുതിർന്ന ഗവേഷകരെയും യുവ ഗവേഷകരെയും സംയോ ജിപ്പിച്ചു പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ അക്കാദമിക് സെക്രട്ടറി മിഖായേൽ ഗ്ലാററ്സർ മലയാളം പാട്ടിന്റെ പ്രസാധനച്ചുമതല ഏറ്റെടു ത്തു. ആ ഘട്ടത്തിൽ, മലയാളം മാത്രം പോരാ, അതോടൊപ്പം ഹീബ്രു തർജമയും വേണമെന്ന് ഞാൻ നിർബന്ധിച്ചു. ഇതിന് വ്യക്തമായ ചില കാരണങ്ങളുണ്ടായിരുന്നു.

പാട്ടുകളുടെ പഠനവുമായി ബന്ധപ്പെട്ട് ഇസ്രായേലിൽ ചെന്നതു മുതലാണ് ഞാൻ മലയാളി ജൂതരുമായി സമ്പർക്കത്തി ലായത്. ജൂതനല്ലാത്ത എന്നെ മലയാളി എന്ന നിലയിൽ അവർ സ്വീക രിച്ച് അറിവുകൾ പങ്കുവച്ചു. തീർന്നില്ല, ഒട്ടേറെ ഹൃദയക്ഷോഭങ്ങളും പഴകിയ നൊമ്പരങ്ങളും വെളിപ്പെടുത്തി. കേരളീയ ജൂതസമൂഹത്തി ലുണ്ടായിരുന്ന പിണക്കങ്ങളും വല്ലായ്മകളും സന്തോഷങ്ങളും സഹോ ദരനിർവിശേഷമായ സ്നേഹത്തോടെ അവർ പങ്കുവച്ചു.

മാതാപിതാക്കൾ സംസാരിക്കുന്ന മലയാളം അറിയാത്തവ രാണ് ഇന്നത്തെ പുതിയ തലമുറ. എങ്കിലും തങ്ങൾക്കുമുണ്ട് ധന്യ മായ ഒരു പൈതൃകം എന്ന് അവർ തിരിച്ചറിയുന്നു. ജീവിതവ്യഗ്രത കൾക്കിടയിൽ അത് എന്താണെന്നു പഠിച്ചറിയാൻ അവർക്ക് സാവകാ ശമില്ല. തികച്ചും സിനഗോഗ് കേന്ദ്രീകൃതമായിരുന്നു കേരളത്തിൽ ജൂത ജീവിതം. ഇസ്രായേലിലോ, അനുദിനം മതേതരത്വം ശക്തിപ്രാപിക്കു കയാണ്. ആഗോളീകരണത്തിന്റെ ശക്തി വർദ്ധിക്കുന്നു. എങ്കിലും ജൂത ത്തനിമ എന്ന വംശീയത ഇസ്രായേലിന്റെ പശിമയാണ്. ആ വംശീയ തയ്ക്കാകട്ടെ, ലോകത്തിന്റെ നാനാഭാഗങ്ങളിലെ പ്രവാസാനുഭവ ത്തിന്റെ നിറഭേദങ്ങളുണ്ട്. ഇസ്രായേലിലെ പൗരസമൂഹത്തിൽ ഊർജ്ജി തരായി പ്രവർത്തിക്കുന്ന മലയാളിജൂതരുടെ പിന്മുറക്കാർ തങ്ങളുടെ പ്രവാസപൈതൃകത്തെക്കുറിച്ചു ചിന്തിക്കാൻ നിർബന്ധിതരാകുന്ന സന്ദർഭങ്ങൾ വിരളമല്ല. കേരളജൂതർക്കു തങ്ങളുടെ പ്രവാസാനുഭവ ത്തിന്റെ തിരുശേഷിപ്പുകളായി വിലപ്പെട്ട പലതുമുണ്ട്. പക്ഷേ അത് പുതിയ തലമുറയ്ക്ക് അവരുടെ ജീവിതചിഹ്നവ്യവസ്ഥയിലേക്കും

ജ്ഞാനക്രമത്തിലേക്കും തർജമ ചെയ്തുകൊടുക്കാൻ ഇനിയും ഏറെ പരിശ്രമങ്ങളുണ്ടാകണം. കേരളജൂതരുടെ ഒത്തുകൂടലുകൾ, നെവാതിം മൊഷാവിലെ കേരളജൂതമ്യൂസിയം, ജറുസലമിലെ ഇസ്രായേൽ മ്യൂസിയം എന്നിവയെല്ലാം ഇക്കാര്യത്തിൽ സാരമായ സഹായം നൽകുന്നുണ്ട്.

പഴമക്കാരായ ജൂതസ്ത്രീകൾ ഒത്തുചേരുമ്പോൾ പാടുന്ന പാട്ടുകൾ, അവ രേഖപ്പെടുത്തിയ നോട്ബുക്കുകൾ – ഇവയെല്ലാം വിലപ്പെട്ട സാംസ്കാരിക വിഭവങ്ങളാണ് എന്ന് പുതിയ തലമുറ മനസ്സിലാക്കുന്നു. പക്ഷേ, പാട്ടുകൾ വശമാക്കാൻ കഴിയുന്നില്ല. വശമാക്കിയില്ലെങ്കിലും അവ എന്താണ് എന്നു മനസ്സിലാക്കാൻ ആകാംക്ഷയുള്ള അനേകം യുവതീയുവാക്കളെ കേരളജൂതസമൂഹത്തിൽ ഞാൻ കണ്ടു. അവർക്കു വേണ്ടിയാണ് ജൂതപ്പാട്ടുകളുടെ ഹീബ്രു തർജമകൾ കൂടിയേ തീരൂ എന്നു ഞാൻ വാദിച്ചത്. ഇതൊരു നല്ല ആശയമാണെങ്കിലും പ്രായോഗികമാകുമോ എന്നു പലരും സംശയിച്ചു. ഹീബ്രുവിലേക്കു തർജമ നടത്താൻ ഹീബ്രുവും മലയാളവും നല്ലതുപോലെ വശമുള്ള ഒരാളില്ല എന്നതായിരുന്നു പ്രധാനപ്പെട്ട തടസ്സവാദം. അങ്ങനെ ഒരാൾക്കുവേണ്ടി കാത്തിരിക്കാൻ വയ്യ എന്ന എന്റെ നിലപാടു സഹപ്രവർത്തകരെ ബോധ്യപ്പെടുത്താൻ കുറെ ക്ലേശിക്കേണ്ടി വന്നു. എനിക്കു ചൂണ്ടിക്കാണിക്കാനുണ്ടായിരുന്നതു പാട്ടുകളുടെ ജർമൻ തർജമയാണ്. ഇതിന്റെ സഫലത നേരിട്ടു വായിച്ചു ബോധ്യപ്പെട്ട ഒരു പണ്ഡിതസുഹൃത്തിന്റെ മാദ്ധ്യസ്ഥ്യം പ്രശ്നപരിഹാരം എളുപ്പമാക്കി. ഹീബ്രു സർവകലാശാലയിലെ ഭാരതീയ പഠനവകുപ്പിന്റെ അദ്ധ്യക്ഷനും വിശ്രുതഗ്രന്ഥകാരനുമായ ഡേവിഡ് ഷുൾമാനായിരുന്നു രക്ഷകൻ. അദ്ദേഹത്തെ സംസ്കാതാധ്യാപനത്തിൽ സഹായിക്കുന്ന ഒഫീറ ഗംലിയേൽ എന്ന ഗവേഷകയെ ഹീബ്രു തർജമ ഏല്പിച്ചു. ആദ്യം ഇംഗ്ലീഷ് തർജമകളിൽനിന്നു കരടു തയ്യാറാക്കി. പിന്നീട് ഓരോ വരിയും വിശദമായി ചർച്ചചെയ്തു മലയാളവുമായി പൊരുത്തപ്പെടുത്തി. ഇതിനിടയിൽ ജൂതപ്പാട്ടുകളുമായി ഹൃദയബന്ധം സ്ഥാപിച്ച ഒഫീറ മലയാളപഠനവും തുടങ്ങി. ഇപ്പോൾ ജൂതരുടെ മലയാളം പെൺപാട്ടുകൾ ഡോക്ടറൽ ഗവേഷണത്തിനു വിഷയമായി ഒഫീറ തിരഞ്ഞെടുത്തിരിക്കുന്നു. ഒഫീറയുടെ സാന്നിദ്ധ്യം മുഖ്യധാരാ ജൂത/ഹീബ്രു വിജ്ഞാനധാരയുമായി ബന്ധപ്പെടുത്തി പെൺപാട്ടുകൾ മനസ്സിലാക്കാൻ അവസരം നൽകി.

നാടോടിവിജ്ഞാനത്തിന്റെ കാര്യത്തിൽ ഏറെ സമ്പന്നമാണ് ജൂതപഠനങ്ങൾ. പ്രവാസികളായി ലോകത്തിന്റെ നാനാഭാഗങ്ങളിൽ

കഴിഞ്ഞുകൂടിയ ജൂതരുടെ വൈകാരികതയുടെയും വൈജ്ഞാനിക തയുടെയും വൈവിധ്യസമൃദ്ധി പ്രകടമാക്കുന്നുവയാണ് അവരുടെ നാടോടിസാഹിത്യം. ഇസ്രായേലിൽ ഒത്തുകൂടിയ ജൂതർ ഈ വൈവിധ്യം ഉൾക്കൊള്ളുന്ന തത്രപ്പാടിലാണ്. ഇപ്പോൾ. അതുകൊണ്ടുതന്നെ നാടോടിസാഹിത്യപഠനത്തിനു ധാരാളം ഇടങ്ങൾ ലഭിക്കുന്നു.

ഹീബ്രു ബൈബിളിനെ ചുറ്റിപ്പറ്റി വലിയൊരു പുരാണലോകം വികസിച്ചിരിക്കുന്നു. വ്യാഖ്യാനരൂപത്തിലുള്ള ആഖ്യാനങ്ങളുടെ ഒടുങ്ങാത്ത ശൃംഖലയായി ജൂതപുരാണങ്ങൾ വളർന്നു. മിദ്രാഷ് (Midrash) എന്നു ജൂതർ വിളിക്കുന്ന ഈ പുരാണാവലി ജൂതപ്പാട്ടുകളിൽ പുരാവൃത്തപരാമർശങ്ങളായി ഒളിഞ്ഞും തെളിഞ്ഞും കാണാം. ഈ സമാഹാരത്തിലെ പല പാട്ടുകളും ആഖ്യാനതലത്തിൽ പുതുമ നേടുന്നതു ജൂതപുരാവൃത്ത പരാമർശംകൊണ്ടാണ്. ജൂതപ്പാട്ടുകൾക്കു മുഴക്കവും തുടർബന്ധങ്ങളും സമാന്തരബന്ധങ്ങളും നൽകുന്ന ജൂതപുരാണങ്ങൾ വിശദപഠനം അർഹിക്കുന്നു. ക്ലാസിക്കൽ പഠനശൈലിയല്ല, നാട്ടറിവിന്റെ രീതിശാസ്ത്രമാണ് ഇത്തരം അന്വേഷണത്തിൽ പ്രസക്തം. ഹീബ്രുവിലുള്ള വ്യഖ്യാനക്കുറിപ്പിൽ, ജൂതപുരാണങ്ങളുമായി ബന്ധിപ്പിച്ചു ജൂതപ്പാട്ടുകളെക്കുറിച്ചു ധാരാളം നിരീക്ഷണങ്ങൾ ഒഫീറ അവതരിപ്പിച്ചിട്ടുണ്ട്. *നോ. മു. കു. പു. 24, 26, 30*

ചില ജൂതപ്പാട്ടുകളെങ്കിലും അവയുടെ മലയാളം ഈണം നില നിർത്തി ഹീബ്രുവിൽ തർജമ ചെയ്യാനും ഒഫീറയ്ക്കു കഴിഞ്ഞു. ഇത് പ്രധാനപ്പെട്ട കാര്യമാണ്. നാടൻപാട്ടുകളിലെ വാമൊഴി വഴക്കങ്ങൾ, വിശേഷിച്ച് ഈണം അർത്ഥത്തെക്കാൾ പ്രധാനമാണ്. സംഗീതത്തിന്റെ സംവേദനശേഷി വിശദീകരിക്കാൻ കഴിയാത്ത നാടോടിപ്പാട്ടു പഠനം അപൂർണ്ണമായിരിക്കും. ഹീബ്രു സർവകലാശാലയിലെ ജൂതസംഗീത കേന്ദ്രത്തിന്റെ അധ്യക്ഷനും വംശീയ സംഗീതപണ്ഡിതനുമായ എഡ്വിൻ സെറൂസിയുടെ നേതൃത്വത്തിൽ മലയാളം പെൺപാട്ടുകൾ ഇപ്പോൾ പഠിക്കുന്നുണ്ട്. ബാർബറാ ജോൺസണുമായി സഹകരിച്ചു സെറൂസി തയ്യാറാക്കിയ പെൺപാട്ടുകളുടെ സി.ഡി. ഈ പുസ്തകത്തോടൊപ്പം പ്രകാശിപ്പിക്കുന്നു. അതിൽ ചേർത്തിരിക്കുന്ന പാട്ടുകളുടെ ഇംഗ്ലീഷ് തർജമയും ഒരു ലഘുഗ്രന്ഥമായി ഇപ്പോൾ പ്രസിദ്ധീകരിക്കുന്നുണ്ട്.

ജൂതപ്പാട്ടുകളുടെ ഇംഗ്ലീഷ് തർജമയ്ക്കു പല വ്യക്തികളുമായി ബന്ധമുണ്ട്. ഇക്കാര്യത്തിൽ ഏറ്റവും ഉത്സാഹിച്ചത് ബാർബറാ

ജോൺസണാണ്. ജൂതപ്പാട്ടുകൾ ആലപിക്കുന്നതിലും വിശദീകരിക്കുന്നതിലും സമർത്ഥയായിരുന്ന റൂബി ഡാനിയേൽ എന്ന മഹതിയുമായി സഹകരിച്ചു ബാർബറാ പല തർജമകളും തയ്യാറാക്കിയിരുന്നു.

ജൂതപ്പാട്ടുകൾ തലമുറകളായി ശീലിച്ചുവന്ന കുടുംബത്തിലെ വിദ്യാസമ്പന്നയായ അംഗമായിരുന്നു റൂബി. റൂബിയുടെ വിശാലകുടും ബത്തിലെ പല അംഗങ്ങളും ഇപ്പോഴും പാട്ടുകൾ നിലനിറുത്തുന്നു. റൂബിയുടെ ജീവിതകഥയും പാട്ടറിവുകളും ക്രോഡീകരിച്ചെഴുതിയ വിശിഷ്ടഗ്രന്ഥം കേരളീയ ജൂതസ്ത്രീയെ മനസ്സിലാക്കാനുള്ള വിശിഷ്ട ഉപാദാനമാണ്. Ruby of Cochin, An Indian Jewish woman Remembers ഇപ്പോൾ രണ്ടാം പതിപ്പിൽ എത്തിയിട്ടുണ്ട്. സമീപകാലത്ത് ജൂതപ്പാട്ടുകളെക്കുറിച്ച് ഏറ്റവും വിലപ്പെട്ട അറിവുകളുണ്ടായിരുന്ന വ്യക്തി റൂബിയാണ്. റൂബിയുമായി ദീർഘകാലം സഹകരിച്ചു ബാർബറാ തയ്യാറാക്കിയ തർജമകളിൽ നാട്ടറിവിന്റെ തിളക്കമുണ്ട്; കേരളീയ ജൂതവിജ്ഞാനീയത്തിലെ പെണ്ണറിവിന്റെ ബലവുമുണ്ട്.

ജൂതപ്പാട്ടുകൾ തർജമ ചെയ്യേണ്ടിവന്നപ്പോൾ അർത്ഥബോധം നൽകാത്ത പല പദങ്ങളും പ്രശ്നമായി. അവയെല്ലാം പരിഹരിക്കാൻ റൂബിക്കുപോലും കഴിഞ്ഞില്ല. എങ്കിലും സഹജാവബോധംകൊണ്ടും പ്രകരണബലംകൊണ്ടും അർത്ഥത്തെ വെല്ലുന്ന ഊഹങ്ങൾ അവതരിപ്പിക്കാൻ റൂബിക്കു കഴിഞ്ഞു. നാട്ടറിവു പഠനത്തിൽ അത്തരം വ്യാഖ്യാനങ്ങൾ വിലപ്പെട്ടവയാണ്. പാട്ടുകൂട്ടായ്മ ക്ഷയിച്ചുവരുന്ന ഇക്കാലത്തു പാട്ടുകളുടെ പൊരുൾ തിരിക്കാൻ ഭാഷാപരമായ ദുർഗ്രഹത മാത്രമല്ല തടസ്സമാകുന്നത്. രേഖാബന്ധിതസമൂഹം എന്ന നിലയിലുള്ള കേരളജൂതരുടെ ജീവിതശൈലി കഴിഞ്ഞ അരനൂറ്റാണ്ടിനിടയിൽ മാറിപ്പോയിരിക്കുന്നു. തന്മൂലം അവരുടെ അറിവുശീലങ്ങളും മാറി. കേരളീയ ജൂതസ്ത്രീകളുടെ വ്യഖ്യാനപാരമ്പര്യത്തിലും വിച്ഛേദം സംഭവിച്ചു. ജൂതപ്പാട്ടുകളിലെ ചില ഭാഗങ്ങൾ ഇപ്പോഴത്തെ നിലയിൽ പെട്ടെന്നു വ്യാഖ്യാനിക്കാൻ കഴിയാത്തതു ഇത്തരം ബന്ധവിച്ഛേദത്തിന്റെ ഫലമായിട്ടാണ്. ജൂതപ്പാട്ടുകൾ ഓർമ്മയിൽനിന്നു ചൊല്ലാൻ കഴിയുന്നവർക്കുപോലും ചിലപ്പോൾ അവയുടെ പൊരുൾ തിരിക്കാൻ കഴിയാത്തതിന് ഇതാണ് വിശദീകരണം.

ജൂതപ്പാട്ടുകൾ ഇംഗ്ലീഷിലേക്കു തർജമ ചെയ്യാനും കേരളീയ പരിസരത്തിൽ അവ വിശദീകരിക്കാനും പി. എം. ജ്യൂസെ നടത്തിയ പരിശ്രമങ്ങൾ ഓർമ്മിക്കേണ്ടതാണ്. അദ്ദേഹം ഇംഗ്ലീഷിലും മലയാളത്തിലും എഴുതിയ വിലപ്പെട്ട പല ലേഖനങ്ങളും സമാഹരിക്കപ്പെട്ടിട്ടില്ല. കേരളത്തിലെ ജൂതരുടെ ചരിത്രം നാടോടിപ്പാട്ടുകളുടെ പിൻ

ബലംകൂടി പ്രയോജനപ്പെടുത്തി അവതരിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ജൂതരുടെയും ക്നാനായ ക്രിസ്ത്യാനികളുടെയും പാട്ടുകൾ തമ്മിൽ കാണുന്ന സാദൃശ്യങ്ങളെക്കുറിച്ചു ജ്യൂസെ അന്വേഷണങ്ങൾ നടത്തി. ഇസ്രായേലിലെ ഷാൽവാ വയിലും ജ്യൂസെയും ഈ വിഷയത്തെക്കുറിച്ച് എഴുതിയ പഠനങ്ങൾ ശ്രദ്ധേയങ്ങളാണ്. മലയാളിജൂതരുമായി ഉറ്റസമ്പർക്കത്തിൽ ജീവിച്ച കേരളീയനായ ഗവേഷകൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ പഠനങ്ങൾക്ക് പ്രത്യേക പ്രസക്തിയുണ്ട്. കേരളീയജൂതരെക്കുറിച്ചു പഠിക്കാൻ മലയാളികൾ അക്കാദമിക് തലത്തിൽ ഏറെ ഉത്സാഹിച്ചിട്ടില്ല. ഡോ. എം. ജി. എസ്. നാരായണൻ ജൂതചെപ്പേടുകളെക്കുറിച്ച് എഴുതിയ രണ്ടു ലേഖനങ്ങൾ മാത്രമാണ് ഇവിടെ പ്രത്യേകം ഓർമ്മിക്കാനുള്ളത്. പാശ്ചാത്യ ഗവേഷകർ കേരളജൂതരെക്കുറിച്ച് എഴുതിയ പഠനങ്ങളിൽനിന്നു വ്യത്യസ്തമാണ് എം. ജി. എസിന്റെ സമീപനവും നിഗമനങ്ങളും. കേരളീയപരിസരത്തു ജൂതചരിത്രം അവതരിപ്പിക്കാൻ ഇനിയും സാദ്ധ്യതകളുണ്ട്. പാശ്ചാത്യർ എഴുതിയതെല്ലാം അന്ധമായി വിശ്വസിച്ചു മലയാളികൾ എഴുതുന്ന കുറിപ്പുകളാണ് ഇപ്പോൾ ഇന്ത്യയിലും കേരളത്തിലും പ്രത്യക്ഷപ്പെടുന്നത്. ഇവിടെയാണ് ജ്യൂസെ ശ്രദ്ധേയനാകുന്നത്. ഇന്റർ നാഷണൽ സ്കൂൾ ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സ് പ്രസിദ്ധീകരിച്ച A Handbook of Kerala Vol.I (2000 :204-208) ൽ ജ്യൂസെ എഴുതിയ ലേഖനം ഏറെ പ്രയോജനകരമാണ്. അതിലെ ഗ്രന്ഥസൂചിയും കേരളീയ കാഴ്ചപ്പാടിൽ ജൂതചരിത്രം പഠിച്ചുതുടങ്ങുന്നവർക്കു പ്രയോജനപ്പെടും. പി. എം. ജ്യൂസെയുടെ തർജമകളും ജൂതപ്പാട്ടിന്റെ ഇംഗ്ലീഷിലേക്കുള്ള സംക്രമണത്തെ സഹായിച്ചു.

പ്രാചീനമധ്യകാല മലയാളത്തിന്റെയും മലയാള നാടോടിവഴക്കങ്ങളുടെയും പ്രകരണത്തിൽ ജൂതപ്പാട്ടുകൾ പൊരുൾ തിരിച്ചു ഇംഗ്ലീഷ് തർജമയിൽ സഹായിക്കുക എന്നതായിരുന്നു എന്റെ പ്രാഥമികനിയോഗം. ആ നിലയ്ക്ക് നൂറോളം ജൂതപ്പാട്ടുകൾ ഇന്നത്തെ ഇംഗ്ലീഷ്രൂപത്തിലാക്കുന്നതിൽ എനിക്കു പങ്കുണ്ട്. ബാർബറായുമായി സഹകരിച്ചുള്ള തർജമയിലാണ് ജൂതപ്പാട്ടുകൾ ഞാൻ പഠിച്ചത്. കേരളീയ ജ്ഞാനവ്യവസ്ഥയുടെ പല സവിശേഷതകളും പാട്ടുകളുടെ വിശകലനത്തിനിടയിൽ തിരിച്ചറിയാൻ കഴിഞ്ഞു. നാടോടി സാഹിത്യപഠനം നാട്ടുകൂട്ടായ്മയുടെ ജ്ഞാനസമ്പ്രദായങ്ങളിലേക്കും ആഖ്യാനമാതൃകകളിലേക്കും വെളിച്ചം വീശുന്നതു സ്വാഭാവികം. അറിവിന്റെ പെൺവഴികൾ കേരളീയപരിസരത്ത് അന്വേഷിക്കാൻ പെൺപാട്ടുകൾ ഭാവി ഗവേഷകർക്ക് ഉപയോഗിക്കാം. വ്യാഖ്യാനക്കുറിപ്പുകളിൽ ഇങ്ങനെയൊരു ജിജ്ഞാസ ഉൾച്ചേർത്തിട്ടുണ്ട്.

ജൂതപ്പാട്ടുകൾ മലയാളത്തിൽ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചപ്പോഴുണ്ടായ പ്രധാനപ്പെട്ട പ്രശ്നം പാഠനിർണ്ണയനമായിരുന്നു. വരമൊഴിയുടെ പാഠനിർണ്ണയനതത്ത്വങ്ങൾ ഇവിടെ കണ്ണുമടച്ചു സ്വീകരിക്കാനാവില്ല. നാട്ടറിവിലെ ശരിതെറ്റുകൾ നിർണ്ണയിക്കാൻ കൂട്ടായ്മയെയാണ് ആശ്രയിക്കേണ്ടത്. നാവിൻതുമ്പിലൂടെ പരിണമിക്കുന്ന നാടൻപാട്ടിന്റെ കാര്യത്തിൽ ഇത് ശ്രമകരമായ ജോലിയാണ്. അതിനുള്ള സാവകാശം എനിക്കുണ്ടായിരുന്നില്ല. മാത്രമല്ല, പാട്ടുകൂട്ടായ്മ കഴിഞ്ഞ അമ്പതുവർഷത്തിനിടയിൽ തീരെ ശോഷിച്ചുപോയിരിക്കുന്നു. റൂബി ഡാനിയേലായിരുന്നു ഞാൻ കണ്ടുമുട്ടിയ ഏറ്റവും വലിയ പാട്ടുകാരി. അറിവും അനുഭവവും അഭിരുചിയും ഒത്തുചേർന്ന റൂബിയെ ഇസ്രായേലിന്റെ വടക്കുഭാഗത്തുള്ള ഗലീലിയിലെ മൊർദെക്കായി കിബുട്സിൽ ചെന്നു സന്ദർശിക്കാൻ അവസരമുണ്ടായി. ഏറെ നിർദ്ദേശോപദേശങ്ങൾ നൽകാൻ കഴിയാത്തവിധം അവർ ക്ഷീണിതയായിരുന്നു.

ഇസ്രായേലിൽ സ്ഥാപനങ്ങളും സംഘടനകളും എന്നെ ഉൾപ്പെടുത്തി ഒരുക്കിയ സമ്മേളനങ്ങളിൽ നൂറുകണക്കിനു കേരള ജൂതർ ഉത്സാഹപൂർവം പങ്കെടുത്തു. ജൂതപ്പാട്ടിന്റെ ഭംഗി അനുഭവിക്കാനും പൊരുൾ വിസ്തരിച്ചു കേൾക്കാനും ഒത്തുകൂടിയവരിൽ പഴയപാട്ടുകാരുണ്ടായിരുന്നു. അവരിൽ പലർക്കും സഹായിക്കുവാൻ മനസ്സുണ്ടായിരുന്നെങ്കിലും അതിനുള്ള ശാരീരികമോ മാനസികമോ ആയ ആരോഗ്യമുണ്ടായിരുന്നില്ല. എന്നിട്ടും അവരിൽനിന്നു ധാരാളം സ്നേഹവും പ്രചോദനവും കുറെ വിവരങ്ങളും ലഭിച്ചു.

ഉദ്യോഗത്തിൽനിന്നു വിരമിച്ചു പാട്ടുകൂട്ടായ്മയുടെ പുനരുജ്ജീവനത്തിനു വേണ്ടി ഇപ്പോൾ പരിശ്രമിക്കന്ന ഗാലിയയും സുഹൃത്തുക്കളുമാണ് പാട്ടിന്റെ ലോകം എനിക്കു പരിചയപ്പെടുത്തി തന്നത്. അവർ വല്ലപ്പോഴുമെങ്കിലും ഇപ്പോൾ ഒത്തുകൂടി പെൺപാട്ടുകൾ പാടുന്നു. ഇസ്രായേലിലെ സർവകലാശാലകൾ അടക്കമുള്ള സാംസ്കാരികസ്ഥാപനങ്ങൾ ഈ സംരംഭത്തെ സഹായിക്കുന്നുണ്ട്.

ഇസ്രായേലിലെ ജൂതസംഗീത രേഖാശേഖരം പണ്ടുമുതലേ മലയാളം പെൺപാട്ടുകൾ റിക്കാർഡ് ചെയ്തു സൂക്ഷിച്ചിരുന്നു ഷെർലി ഇസൻബർഗിന്റെ ഉത്സാഹത്തിൽ തുടങ്ങിയതാണ് പാട്ടുകളുടെ ശബ്ദലേഖനം. ഇപ്പോൾ ഗാലിയയുടെ നേതൃത്വത്തിലുള്ള പാട്ടുകാരുടെ പ്രകടനങ്ങളും ശബ്ദലേഖനം ചെയ്തിരിക്കുന്നു. ഇവയെല്ലാം ബാർബറാ വഴി എനിക്കു ലഭിച്ചു. ഇവയിൽനിന്നു തെരഞ്ഞെടുത്ത

ശബ്ദലേഖനങ്ങൾ ഉൾപ്പെടുത്തിയാണ് ജൂതപ്പാട്ടുകളുടെ പുതിയ സിഡി (Compact Disc) തയ്യാറാക്കിയിരിക്കുന്നത്.

ഗവേഷകർ ശേഖരിച്ച നോട്ട്ബുക്കുകളുടെ ഫോട്ടോ പകർപ്പുകൾ ഇപ്പോൾ ബെൻസ്വി ഇൻസ്റ്റിറ്റ്യൂട്ടിലുണ്ട്. കൈയെഴുത്തുകൾ ലോകത്തിന്റെ നാനാഭാഗങ്ങളിൽ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും കൈവശത്തിലാണ്. കൊച്ചിയിലെ സാമി ഹലേഗുവായടെ പക്കൽ പഴക്കമുള്ള ചില കൈയെഴുത്തുഗ്രന്ഥങ്ങളുണ്ട്. ഇവയുടെയെല്ലാം പകർപ്പുകൾ ബാർബറാ എനിക്ക് എത്തിച്ചുതന്നു. കൈയെഴുത്തിന്റെ പകർപ്പിൽ പാട്ടുകൾ ഇനം തിരിച്ച് നമ്പറുകൾ നൽകുകയും ചെയ്തിരിക്കുന്നു. ഇൻഡക്സ് നമ്പറുകളുടെ സഹായത്തോടെ ഓരോ പാട്ടിന്റെയും പകർപ്പുകളെക്കുറിച്ച് പ്രാഥമിക വിവരങ്ങൾ നല്കാൻ ബാർബറായ്ക്കു കഴിയും.

ലഭ്യമായ കൈയെഴുത്തുകൾ മൊത്തത്തിൽ പരിശോധിച്ചു അവയിൽ നിന്ന് പ്രാതിനിധ്യസ്വഭാവമുള്ള പാട്ടുകൾ തെരഞ്ഞെടുക്കാനാണ് ആഗ്രഹിച്ചത്. പാട്ടുകാരുടെ ഇഷ്ടാനിഷ്ടങ്ങളും ശബ്ദലേഖനങ്ങളുടെ ലഭ്യതയും പലപ്പോഴും ഗൗനിക്കേണ്ടിവന്നു. എങ്കിലും തെരഞ്ഞെടുപ്പ് എന്റേതാണ്. പൂർവഗവേഷകർ പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ച പല പാട്ടുകളും ചെപ്പേടാണ് വിഷയമാക്കുന്നത്. അത്തരം പല പാട്ടുകൾക്കും പരദേശി ജൂതരുടെ നോട്ടുബുക്കുകളിൽ മാത്രമാണ് സ്ഥാനം ലഭിച്ചിട്ടുള്ളത്. ചെപ്പേടും യോസഫ് റബ്ബാനും ജൂതരുടെ പദവികളും അത്തരം പാട്ടുകളിൽ തുടരെ പ്രത്യക്ഷപ്പെടുന്നു കേരളീയ ജൂതരിൽ തൊണ്ണൂറു ശതമാനത്തിനും അപരിചിതമായിരുന്ന ചെപ്പേടുപാട്ടുകൾ ഒരു പ്രത്യേക ഗണമായി വേർതിരിച്ചു പഠിക്കേണ്ടതാണ്. ജൂതപ്പാട്ടുകളുടെ പൊതുജനുസ്സിൽ അവയെ ഉൾപ്പെടുത്തിയാൽ പഠനം ക്ലേശകരമാകും. അവയുടെ ഭാഷ മറ്റു ജൂതപ്പാട്ടുകളുടേതിൽനിന്നു വ്യത്യസ്തമാണ്. ആഖ്യാനശൈലിയിൽ നാടോടിത്തമുണ്ടുതാനും. പരദേശികളുടെ നോട്ട്ബുക്കുകൾ ഉപയോഗിച്ചു പാഠനിർണ്ണയനം നടത്തി അത്തരം പാട്ടുകൾ പിന്നീട് പ്രസിദ്ധീകരിക്കാം. പരദേശികളുടെ കല്യാണപ്പാട്ടുകൾ ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. *നോ. 35. 1. 2, 50. 1. 1, Simon 1947.*

ജൂതസമൂഹത്തിനു മൊത്തത്തിൽ പരിചയമുള്ള പാട്ടുകൾക്കു മുൻഗണന നൽകി ഈ സമാഹാരം തയ്യാറാക്കിയിരിക്കുന്നു. കേരളത്തിലെ ജൂതർ ഇസ്രായേലിലേക്കു കുടിയേറ്റം തുടങ്ങുന്ന ഘട്ടത്തിൽ എട്ടു പള്ളിക്കാരായിട്ടാണ് അറിയപ്പെട്ടിരുന്നത്. കൊച്ചിയിലെ ജൂത

ത്തെരുവിൽ വടക്കേ അറ്റത്തു പരദേശിപ്പള്ളി, അതിനു തെക്കു തെക്കുംഭാഗം പള്ളി, ഏറ്റവും തെക്കേ അറ്റത്തു കടവുംഭാഗം പള്ളി, എറണാകുളത്തു ജൂതത്തെരുവിൽ തെക്കുംഭാഗം പള്ളി, കടവുംഭാഗം പള്ളി, കൊച്ചിയുടെ ചുറ്റുവട്ടത്ത് ചേന്ദമംഗലം പള്ളി, മാള പള്ളി, തിരുവിതാംകൂറിൽ പറവൂർ പള്ളി. അന്നു കേരളത്തിലുണ്ടായിരുന്ന മൂവായിരത്തോളം ജൂതരിൽ മുന്നൂറോളം പേരാണ് പരദേശിപ്പള്ളിക്കാർ. ഇവരിൽ ഭൂരിപക്ഷവും കോളണിവാഴ്ചക്കാരുടെ ഭാഷയിൽ വെളുത്ത ജൂതരായിരുന്നു. കേരളജൂതരിൽ തൊണ്ണൂറുശതമാനത്തിലധികവും കോളണിവാഴ്ചക്കാരുടെ ഭാഷയിൽ 'കറുത്ത ജൂതരാ'യിരുന്നു. ഈ പേരുകൾ ജൂതർ ഉപയോഗിച്ചിരുന്നതല്ല. കോളണിവാഴ്ചക്കാരായ വെള്ളക്കാർ ഉപയോഗിച്ചതും അവരുടെ പ്രയോഗങ്ങളിലൂടെ പൊതുവ്യവഹാരത്തിലേക്കു സംക്രമിച്ചതുമാണ്. കോളണീകരണത്തിന്റെ തുടക്കം മുതൽ ജൂതരോടുള്ള സമീപനത്തിൽ കറുപ്പുവെളുപ്പുഭേദം ഭരണാധികാരികൾ പ്രകടിപ്പിച്ചിരുന്നതായി കരുതാം. പുറത്തുനിന്നു വന്ന പണ്ഡിതന്മാരും ജൂത അന്വേഷകരും കൊച്ചിയിലെ പരദേശിജൂതരുടെ വൃത്താന്തങ്ങൾ കേരളീയജൂതരുടെ പൊതുവൃത്താന്തങ്ങളായി രേഖപ്പെടുത്തിവച്ചു. കേരളത്തിലെ ജൂതരെക്കുറിച്ച് വിദേശികൾ നല്കുന്ന വിവരണങ്ങളിലെല്ലാം ഇത്തരം വല്ലായ്മയുണ്ട്. പരദേശിപ്പള്ളിയെക്കുറിച്ചല്ലാതെ മറ്റു ജൂതപ്പള്ളികളെക്കുറിച്ചു വിദേശപണ്ഡിതരും അവരെ പിന്തുടരുന്ന നാടൻ പണ്ഡിതരും പത്രപ്രവർത്തകരും പരാമർശിക്കാറേയില്ല. കൊളോണിയൽ അറിവിന്റെ ബലമാണത്. ജൂതരെക്കുറിച്ചുള്ള അറിവിലെ കൊളോണിയൽ വക്രീകരണത്തിന്റെ മാതൃകയ്ക്ക് *നോ. Lawson 1861/2001: 119-134*. കോളണിയനന്തരഘട്ടത്തിൽ പ്രസിദ്ധീകരിക്കുന്ന ഈ സമാഹാരത്തിൽ കോളണിപാരമ്പര്യത്തിന്റെ അറിവുവഴികൾ ബോധപൂർവം ഉപേക്ഷിച്ചിട്ടുണ്ട്. മാത്രമല്ല, സന്ദേഹത്തിന്റെ വ്യാഖ്യാനമാർഗ്ഗം (hermeneutics of suspicion) കോളണിയനന്തരപഠനത്തിന്റെ സാധ്യതയായി ഉപയോഗിക്കുകയും ചെയ്തു. ഇതിന്റെ അടയാളങ്ങൾ വ്യാഖ്യാനക്കുറിപ്പുകളിൽ പ്രകടമായിട്ടുണ്ട്.

പാട്ടുകളെ, പാഠഭേദങ്ങളോടുകൂടി മനസ്സിലാക്കുക, വ്യത്യാസങ്ങൾ അവഗണിക്കാതെ പാഠഭേദങ്ങൾ പരസ്പരബന്ധത്തിൽ മനസ്സിലാക്കുക എന്ന പൊതുനയമാണ് സ്വീകരിച്ചത്. അതുകൊണ്ട് ഇവിടെ തെരഞ്ഞെടുത്ത പാട്ടുകൾക്ക് രണ്ടോ മൂന്നോ ഗണമായി തിരിക്കാവുന്ന കൈയെഴുത്തു പാരമ്പര്യങ്ങൾ ഉണ്ടെങ്കിൽ അവ വ്യക്തമാകുന്ന തരത്തിൽ ഒന്നിലേറെ പാഠങ്ങൾ പ്രസിദ്ധീകരിക്കുന്നു.

പൈങ്കിളിയുടെ പാട്ട്, സാറാ ഉമ്മാടെ പാട്ട്, റൂത്തിന്റെ പാട്ട്, നാലു മുടിപ്പാട്ട്, പൊന്നിട്ട മേനി, പൊലിക പൊലിക എന്നിവയുടെ ഒന്നിലേറെ പാഠങ്ങൾ ഈ സമാഹാരത്തിലുണ്ട്. പാരമ്പര്യം ഏകാത്മകമായി മനസ്സിലാക്കാതെ വൈവിധ്യത്തിൽ ആഹ്ലാദിക്കാൻ കാർകുഴലി വായനക്കാരെ സഹായിക്കും. വൈവിധ്യസമൃദ്ധി, അയവുള്ള ആഖ്യാനം, ലോകത്തിലേക്കു തുറക്കുന്ന നാനാവഴികൾ എന്നിവയെല്ലാം നാടോടി സാഹിത്യത്തിന്റെ ഘടനാപരമായ സവിശേഷതകളാണ്.

കേരളീയ ജൂതരെ 'കൊച്ചിക്കാർ' എന്നു വിളിക്കുന്നതിൽ പരിമിതിയുണ്ട്. കൊച്ചിയിലെ ജൂതത്തെരുവിലുണ്ടായിരുന്ന മൂന്നുപള്ളികൾക്കു പുറമേ അഞ്ചു ജൂതപ്പള്ളികൾകൂടി സജീവമായി പ്രവർത്തിച്ചിരുന്നു. എറണാകുളത്തെ ജൂതത്തെരുവിൽ തെക്കുംഭാഗം പള്ളിയും കടവുംഭാഗം പള്ളിയുമുണ്ട്. ചേന്ദമംഗലത്തും മാളയിലും പറവൂരും ധാരാളം ജൂതർ ഒത്തുചേർന്നിരുന്ന പള്ളികളുണ്ട്. മാളയിൽ ജൂതപ്പള്ളി പഞ്ചായത്തിനു വിട്ടുകൊടുത്തു. വിസ്തൃതമായ ജൂതശ്മശാനം അവിടെയുണ്ട്. പറവൂരിലെ ജൂതർ ഹീബ്രുപഠനത്തിലും മറ്റും ഏറെ ശ്രദ്ധിച്ചിരുന്നു. ചേന്ദമംഗലം സമൂഹത്തിനും അവിസ്മരണീയചരിത്രമുണ്ട്. ഇപ്പറഞ്ഞ അഞ്ചുപള്ളികളും ഇപ്പോൾ പ്രവർത്തിക്കുന്നില്ലെങ്കിലും ചരിത്രസ്മാരകങ്ങളായി തലയുയർത്തി നിൽക്കുന്നു. ജൂതപ്പാട്ടുകളിൽ ഒരു പ്രത്യേക ഇനമായ പള്ളിപ്പാട്ടുകൾ വ്യത്യസ്ത ജൂതസമൂഹങ്ങളെക്കുറിച്ചും അവരുടെ പള്ളികളെക്കുറിച്ചും പാട്ടുവഴക്കത്തിൽ അറിവു നൽകുന്നു. ഓരോ സമൂഹത്തിന്റെയും വ്യതിരിക്തതയും ആത്മദർശനവും പള്ളിപ്പാട്ടുകളിൽ വെളിവാകുന്നു. *നോ. 5. 5. 1.* വ്യത്യസ്ത ജൂതസമൂഹങ്ങൾ തമ്മിലുള്ള ബന്ധം, പൊതുസമൂഹവും ജൂതരും തമ്മിലുള്ള പാരസ്പര്യം, ജൂതജീവിതത്തിൽ പള്ളിക്കുണ്ടായിരുന്ന സ്ഥാനം, പള്ളിക്കെട്ടിടത്തിന്റെ നിർമ്മാണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് അറിവു പകരാൻ പള്ളിപ്പാട്ടുകൾ ഉപകരിക്കും. അവയിൽ പ്രകടമാകുന്ന സാമൂഹികതയും ഭക്തിയും ഭാവതരംഗങ്ങളായി സഹൃദയർ ഏറ്റുവാങ്ങുന്നു. അറിവും അനുഭൂതിയും പകരുന്ന ഭാവഗീതങ്ങളാണ് ജൂതരുടെ പള്ളിപ്പാട്ടുകൾ.

ജൂതപ്പാട്ടുകളുടെ നോട്ട്ബുക്കു ശേഖരത്തിൽ പരദേശി, കടവുംഭാഗം (കൊച്ചി), തെക്കുംഭാഗം (കൊച്ചി), തെക്കുംഭാഗം (എറണാകുളം) പറവൂർ, ചേന്ദമംഗലം എന്നിവിടങ്ങളിൽ നിന്നുള്ള കൈയെഴുത്തുകളുണ്ട്. ഇനിയും കൂടുതൽ നോട്ട്ബുക്കുകൾ ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നു കണ്ടെത്താൻ കഴിഞ്ഞേക്കും. ഇത്തരത്തിൽ ജൂതപ്പാട്ടുകൾക്കുള്ള പാഠവൈവിധ്യവും പാട്ടുകൂട്ടായ്മകളുടെ സ്വത്വ

വൈജാത്യങ്ങളും പഠിച്ചറിയാൻ വായനക്കാർക്കു കൗതുകം തോന്നുന്ന തരത്തിലാണ് പാഠനിർണ്ണയനം നടത്തി അച്ചടിപ്പാഠം വ്യാഖ്യാനക്കുറിപ്പുകളോടെ പ്രസിദ്ധീകരിക്കുന്നത്. *നോ. 25. 0. 06.*

അർത്ഥം തെളിഞ്ഞുകിട്ടുന്ന ഒരു പാഠം സ്വീകരിക്കുക. ആ പാഠത്തിൽതന്നെ പ്രശ്നങ്ങളുണ്ടാകുമ്പോൾ മറ്റു പാഠങ്ങളെ ആശ്രയിക്കുക എന്നതായിരുന്നു നയം. ഓരോ പാട്ടിന്റെയും എല്ലാ പാഠങ്ങളും സൂക്ഷ്മമായി പരിശോധിച്ചു പാഠനിർണ്ണയനം നടത്തി ഇവിടെ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. അർത്ഥവ്യക്തതയ്ക്കുവേണ്ടി അങ്ങിങ്ങു ചില വാക്കുകളും വരികളും അടർത്തിയെടുത്തു ചേർത്തിട്ടുണ്ട്. അവയൊന്നും എന്റെ സംഭാവനയല്ല. വിവിധ നോട്ട്ബുക്കുകളിൽനിന്ന് അടർത്തിയെടുത്തവയാണ്. അതുകൊണ്ട് ജൂതകൂട്ടായ്മയുടെ നാവിൻതുമ്പിൽ തത്തിക്കളിച്ച വാക്കുകളേ ഈ പാട്ടുകളുടെ അച്ചടിപ്പാഠത്തിലുള്ളൂ എന്ന് ഉറപ്പിക്കാം. സമ്പാദകൻ അറിയാതെതന്നെ സാഹിത്യവിദ്യാർത്ഥിയുടെയും ഭാഷാഗവേഷകന്റെയും വിരലടയാളങ്ങൾ ഇത്തരം പാഠനിർണ്ണയനത്തിൽ പതിഞ്ഞുപോയിട്ടുണ്ടാകാം. ജൂതപ്പാട്ടുകളുടെ നാടോടിത്തവും സാഹിത്യഭംഗിയും മൊഴിവഴക്കവും തെളിച്ചുകാട്ടാൻ മനസ്സറിഞ്ഞു ശ്രമിച്ചിട്ടുമുണ്ട്. സമാഹാരത്തിന്റെ ഉള്ളടക്കം പരിശോധിക്കുമ്പോൾ ഇക്കാര്യങ്ങൾ ഓർമ്മിക്കണം.

ചരിത്രമൂല്യമുള്ള ജൂതപ്പാട്ടുകളാണ് ഇന്നോളം ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്. അന്തസ്സാരമുള്ള പാട്ടുകൾ എന്നു വിശേഷിപ്പിക്കാവുന്ന ഇത്തരം ഗാനങ്ങൾ അവയുടെ പാട്ടുസ്വഭാവങ്ങൾകൂടി പരിഗണിച്ചു വിശകലനം ചെയ്യേണ്ടതാണ്. നാടോടിപ്പാട്ടുകൾ എന്ന നിലയിൽ ബാഹ്യസാരവും അന്തസ്സാരവുമായ പാട്ടുകൾ അവയുടെ ചരിത്രമൂല്യം പരിഗണിച്ചുതന്നെ ഇവിടെ ചേർത്തിട്ടുണ്ട് (1–10 പാട്ടുകൾ). ഇവയിൽ പള്ളിപ്പാട്ടുകൾ (4–10) ഒരു പ്രത്യേക ഗണമായിതന്നെ കണക്കാക്കണം. മറ്റു മൂന്നു പാട്ടുകളും (1,2,3) കേരളീയജൂതരുടെ ഉൽപത്തിപുരാണങ്ങളായിട്ടാണ് സമ്പാദകൻ പരിഗണിക്കുന്നത്. പുരാണം കേരളീയ ചരിത്രമാതൃകകളിൽ ഉൾപ്പെടും. ഇവയുടെ അന്തസ്സാരവും ബാഹ്യസാരവും പരിഗണിച്ചുള്ള ഉള്ളടക്ക വിശകലനം വ്യാഖ്യാനക്കുറിപ്പുകളിൽ വായിക്കാം. *നോ. 1. 0. 1 – 3. 11. 1.*

ജൂതപ്പാട്ടുകളുടെ മികച്ച മാതൃകയാണ് പൈങ്കിളിയുടെ പാട്ട് (1, 2). നാട്ടുവഴക്കത്തിൽ പാട്ടിനുണ്ടാകുന്ന പാഠഭേദങ്ങളുടെ പ്രാധാന്യം വിശദീകരിക്കാൻ രണ്ടു പാഠങ്ങൾ രണ്ടു പാട്ടുകളായി ചേർത്തിരിക്കുന്നു. അവയുടെ സന്ദേശങ്ങൾ എങ്ങനെ വ്യത്യാസപ്പെടുന്നു എന്ന

താണ് കൗതുകകരമായ അന്വേഷണവിഷയം. ചെപ്പേടിൽ എഴുതിക്കിട്ടിയ ചരിത്രവസ്തുതയാണ് ചരിത്രമെന്ന ധാരണവിട്ട് ചരിത്രത്തിന്റെ കഥാത്വത്തിലും ആഖ്യാനമുറകളിലും മനസ്സുവയ്ക്കാൻ ഈ പാട്ടുകൾ വായനക്കാരെ സഹായിച്ചേക്കും. ഒന്നാമത്തെ പാട്ട് പതനകഥയാണ്. ആഖ്യാനഗതിയും ഭാവസാന്ദ്രമായ കുറുമൊഴികളും പതനബോധം വളർത്തുന്നു.

> 'ഒർത്തട്ട് ഇരിപ്പാനോ
> സഹിച്ചിട്ടു സഹിപ്പാനോ'
>
> 'കാടുവിട്ട് കടൽ അടിഞ്ഞേൻ'
>
> 'കിളർന്നിരുന്ന കിളിയേൻ
> കേട്ടു കേട്ടു അടക്കം ഇല്ലേൻ'

എന്നിങ്ങനെയുള്ള വരികളിലെ വിഷാദസാന്ദ്രതയും പദസംഗീതവും പാട്ടിനെ ലക്ഷണയുക്തമായ ഭാവഗാനമാക്കി മാറ്റുന്നു. ഇവിടെ പാട്ടിന്റെ ബാഹ്യസാരമാണ് പൊരുൾ നിർണ്ണയിക്കുന്നത്. രണ്ടാമത്തെ പാട്ട് പ്രയാണത്തിന്റെ അന്ത്യത്തിൽ ആഹ്ലാദകരമായ ഒരു മുഹൂർത്തം ഭാവന ചെയ്യുന്നു.

> 'പച്ചമണിമാടം
> മണിമുത്തുക്കൊടക്കൊട
> ഒതറിച്ച ഒള്ളെടം
> പറന്നു ചെന്നിരുന്നാർ കിളി'

എന്നിങ്ങനെയുള്ള വരികളിൽ മുഴങ്ങിക്കേൾക്കുന്നതു ആഹ്ലാദസ്വരമാണ്. ജൂതരുടെ കേരളപ്രവേശനത്തിന്റെ വിവരണങ്ങൾ എന്ന നിലയിൽ രണ്ടു പാഠങ്ങളും തെളിച്ചുകാട്ടുന്നതു അവയുടെ കർത്തൃത്വമാണ്. കർത്തൃത്വരൂപീകരണത്തിന്റെ പഠനത്തിലൂടെ വേണം ചരിത്രവസ്തുതകളിലേക്കു കടന്നുചെല്ലാൻ. നാടോടിപ്പാട്ടുകളിലെ മൊഴിവഴക്കങ്ങളിൽ ചരിത്രത്തിന്റെ രേണുക്കൾ തേടുന്നവർ അവയുടെ സൗന്ദര്യഘടനയും പാഠത്വവും ഗൗനിക്കണമെന്നു മനസ്സിലാക്കാൻ ഈ പാട്ടുകളുടെ പഠനം ഉപകരിക്കും. ജൂതർ കടന്നുപോന്ന നാടുകളുടെയോ സംഭവങ്ങളുടെയോ കൃത്യമായ വിവരങ്ങളൊന്നും പാട്ടുകളിലില്ല. പക്ഷേ ജൂതാനുഭവങ്ങളുടെ വൈകാരികരേഖയും കേരളീയ ജൂതചരിത്രത്വവും ഈ പാട്ടുകളിലുണ്ട്. ജൂതപ്പാട്ടുകളുടെ ഭാവമണ്ഡലം കൂടുതൽ വിശദവും സാഹിതീയവുമായ അന്വേഷണങ്ങൾ ആവശ്യമുള്ളതാണ്. അവിടെ നാടോടിസാഹിത്യതത്ത്വങ്ങളായിരിക്കും കൂടുതൽ പ്രസക്തം.

ജൂതപ്പാട്ടുകളുടെ ഭാവമണ്ഡലത്തിൽ തുടരെ പ്രത്യക്ഷപ്പെടുന്ന പ്രവാസിബോധവും പ്രയാണബിംബവും ജൂതത്തനിമയുടെ മുദ്രകളാണ്. ജറുസലമിൽ ഒത്തുകൂടുക എന്നതു ജൂതരുടെ മഹാസ്വപ്നമാണ്. അടുത്തവർഷം ജറുസലമിൽ കാണാം എന്നതാണ് ജൂതന്റെ നല്ല വിടവാങ്ങൽ മൊഴി. കേരളത്തിൽ സ്വസ്ഥരായി കഴിയുമ്പോഴും

ദേശപ്പെട വേണം തമ്പിരാനെ
നന്മ വരത്തണം പെരിയവനേ
മീതിച്ച വരുത്തേണം തമ്പിരാനേ
മേനിയും നന്മയും വരുത്തേണം
അവതിക്കിച്ചിരിക്കുന്ന പുരുഷനെയും
ആവോളം മൊയിമ്പ വരത്തവേണം
മണ്ണിപതകിയ ളൊകരെയും
മറവാത കാട്ടണം തമ്പിരാനെ

എന്ന് അവർ പാടിയിരുന്നു. പുണ്യപുരാണാത്മകമായ പ്രവാസി ഭാവമാണിത്. അതു ജൂതപ്പാട്ടുകളിലെ, ഭക്തിഗാനങ്ങളുടെ ഭാവതാളത്തെ ചിട്ടപ്പെടുത്തുന്നു. ഇതിനെ സിയോണിസം എന്നു വിശേഷിപ്പിക്കാം.

ഇന്നത്തെ ഇസ്രായേൽ രാഷ്ട്രം ഉണ്ടായപ്പോൾ (1948) എന്തുകൊണ്ട് കേരളീയജൂതർ കൂട്ടത്തോടെ അവിടേയ്ക്കു കുടിയേറി എന്നു ചോദിക്കുന്നവർ ധാരാളമുണ്ട്. ഭക്തിഗാനങ്ങളിലെ (25–34) ജറുസലം ഉന്മുഖത സിയോണിസം അതിനുള്ള മറുപടിയാണ്. ഇക്കാര്യങ്ങൾ കൃത്യമായി തിരിച്ചറിഞ്ഞ മലയാളിയുടെ സ്വരമാണ് വൈലോപ്പിള്ളിയുടെ 'കേരളത്തിലെ യഹൂദർ ഇസ്രായേലിലേക്ക്' എന്ന കവിതയിൽ തെളിഞ്ഞു കേൾക്കുന്നത്. *നോ. മു. കു. പു. 9, 10.*

ജൂതപ്പാട്ടുകളിൽ സിയോൺ പാട്ടുകൾ എന്നു രാഷ്ട്രീയാർത്ഥത്തിൽ വിശേഷിപ്പിക്കാവുന്ന കുറെയേറെ പാട്ടുകളുണ്ട്. അവയൊന്നും കാർകുഴലിയിൽ ചേർത്തിട്ടില്ല. മുതിർന്നസ്ത്രീകളുടെ നാവിൻതുമ്പിൽ ഇപ്പോഴും തത്തിക്കളിക്കുന്ന സിയോൻ ഗാനങ്ങളുടെ മാതൃകയ്ക്കു ഒരു ചെറിയ പാട്ട് ഇവിടെ ചേർക്കാം:

നശിക്കുകയില്ല നാം
യഹൂദരാം നാം
സഹോദരത്യാഗം
പ്രിയനാടിൻ ജീവത്യാഗം
രണ്ടായിരക്കൊല്ലക്കാലം
സ്വരാജ്യമില്ലാതെ കഷ്ടപ്പെട്ടു നാം

രണ്ടായിരക്കൊല്ല ശേഷങ്ങൾക്കുണ്ടായി
രാജ്യം നമ്മൾക്കുണ്ടായി
നശിക്കയില്ലിനി
ജനിച്ചെങ്കിൽ മരിച്ചു നശിച്ചിടെണം
അതിനുള്ളിൽ നാം വിജയിച്ചീടണം
ദൈവദാനം ചെയ്ത ഇസ്രായേലിൽ പോകാം
വരുവിൻ നമ്മൾക്കു പോകാം
നശിക്കുകയില്ലിനി നാം.

ഇത്തരം പാട്ടുകൾ വാമൊഴിയിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ടെങ്കിലും അവയെ ജൂതപ്പാട്ടുകളുടെ ഉത്തമ മാതൃകകളായി ഇവിടെ പരിഗണിക്കുന്നില്ല. ജനകീയസംസ്കാരരൂപങ്ങളിലാണ് ഇവിടെ സവിശേഷ ശ്രദ്ധ. ജനപ്രിയസംസ്കാരത്തിന്റെ സ്വഭാവവിശേഷങ്ങളാണ് സിയോൺ ഗാനങ്ങളിൽ മുന്നിട്ടുനിൽക്കുന്നത്. അമ്പതുവർഷം മുമ്പു കേരളത്തിൽ പ്രചരിച്ചിരുന്ന സിനിമാ നാടകഗാനങ്ങളോടും മുദ്രാവാക്യങ്ങളോടും പൊരുത്തപ്പെട്ടു പോകുന്ന സിയോൺ ഗാനങ്ങൾ ജനപ്രിയസംസ്കാരത്തിന്റെ ഉൽപന്നങ്ങളായി പഠിക്കാവുന്നതാണ്. ഇത്തരം പാട്ടുകളിൽ ചിലതു സി.ഡി.യിൽ ചേർത്തിട്ടുണ്ട്.

ജൂതരുടെ ഭാവഗാനങ്ങളിൽ കാണുന്ന മറ്റൊരു ഉൽക്കണ്ഠയാണ് മീഴ്ച (redemption). മാശിയാ(Messiah)യ്ക്കു വേണ്ടിയുള്ള കാത്തിരിപ്പാണ് മറ്റൊരു വിഷയം. മീഴ്ചയ്ക്കും മാശിയയ്ക്കും വേണ്ടിയുള്ള കാത്തിരിപ്പിന്റെ തീവ്രവൈകാരികസൂചനകൾ ജൂതപ്പാട്ടുകളിലുണ്ട്.

ജൂതപ്പാട്ടുകളിൽ കാണുന്ന മറ്റൊരു വിഹ്വലത 'മണ്ണി പതകിയ ളോകരെ'ച്ചൊല്ലിയാണ്. മരിച്ചവർ ജൂതവിശ്വാസമനുസരിച്ചു കുഴിമാടങ്ങളിൽ വിശ്രമംകൊള്ളുകയാണ്. അവിടെനിന്നു അവർ ഉയിർപ്പിക്കപ്പെടും. അത്തരം കുഴിമാടങ്ങൾ ഉയിർപ്പുദിനംവരെ സംരക്ഷിക്കപ്പെടണം. അതാണ് മണ്ണിൽ പഴകിയ ലോകരെക്കുറിച്ചുള്ള ഉൽക്കണ്ഠ. കേരളമടക്കമുള്ള പ്രദേശങ്ങളിൽ ജൂതശ്മശാനങ്ങൾ മറ്റുള്ളവർ കയ്യടക്കുമ്പോൾ ജൂതർക്കുണ്ടാകുന്ന നൊമ്പരം ഈ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കാൻ. അതുകൊണ്ടുതന്നെ ജൂതവിരോധികൾ ലോകത്തിന്റെ പല ഭാഗങ്ങളിലും ജൂതശ്മശാനങ്ങൾ കളങ്കപ്പെടുത്തി ജൂതവിരോധം പ്രകടിപ്പിക്കാറുണ്ട്. കേരളത്തിൽ കൊച്ചിയിലും മറ്റും ജൂതർ കുടിയേറിപ്പോയതോടെ ജൂതശ്മശാനങ്ങൾ പാർപ്പിടങ്ങളായി മാറുന്നുണ്ട്. ഇതിനു പിന്നിൽ ഭൂമിക്കുവേണ്ടിയുള്ള മോഹമാണുള്ള

തെങ്കിലും അതു വിദൂരസ്ഥരായ ജൂതസഹോദരങ്ങളെ എങ്ങനെ വ്രണപ്പെടുത്തുന്നു എന്നു തിരിച്ചറിയേണ്ടിയിരിക്കുന്നു.

മേൽവിവരിച്ച തരത്തിൽ ആത്മീയമെന്നോ ഭൗതികമെന്നോ കൃത്യമായി വേർതിരിക്കാൻ കഴിയാത്ത തരത്തിലുള്ള ഭാവതരളത പൊതുവേ ജൂതപ്പാട്ടുകളിൽ കാണാം. കീർത്തനരൂപത്തിലുള്ള ഭക്തിഗാനങ്ങളിൽ മാത്രമല്ല, ചരിത്രാഖ്യാനത്തിലും കല്യാണപ്പാട്ടിലുമെല്ലാം വ്യാപിച്ചുനിൽക്കുന്നതാണ് ഈ ഉൽക്കണ്ഠാമണ്ഡലം. ജൂതരുടെ മിത്തുകൾ എന്ന് ഇവയെ വിശേഷിപ്പിക്കാമായിരിക്കും. പുറമേനിന്നു നോക്കുന്ന ചിലർക്ക് അവ വെറും അന്ധവിശ്വാസങ്ങളായിരിക്കാം. എന്നാൽ അത്തരം മിത്തുകളാണ് ഏതു പരമ്പരാഗത സമൂഹത്തിന്റെയും വൈകാരികപശിമ. ഭാവനാപരമായും വൈകാരികമായും അവയിൽ ഉൾപ്പെട്ടു നിന്നുകൊണ്ടു നടത്തുന്ന രചനകൾക്കു തനതായ ഉപപാദന യുക്തികളുണ്ടാകും. അതു സാഹിത്യപര്യവസിതമായിക്കൊള്ളണമെന്നില്ല. വാക്കുകളിൽ നിന്നു കർമ്മമണ്ഡലത്തിലേക്ക് അതിന്റെ ഊർജ്ജം കടന്നുവരാം. അതിന്റെ ഏറ്റവും ബാഹ്യവും ഋജുവുമായ പ്രകടനങ്ങളാണ് യാചനാരൂപത്തിലുള്ള വരികൾ.

ജൂതപ്പാട്ടിലെ വാക്യങ്ങൾ വ്യാകരണരീതിയിൽ ഇനം തിരിച്ചാൽ അവയിൽ നല്ലൊരുഭാഗം യാചനാരൂപത്തിലുള്ള പൂർണ്ണക്രിയകളിൽ അവസാനിക്കുന്നതായി കാണാം. മലയാളത്തിൽ നിർദ്ദേശകവും അനുജ്ഞായകവും യാചനയ്ക്കു ഉപയോഗിക്കാം. വിധായകാനുജ്ഞായക ക്രിയകളുടെ സുലഭത ജൂതപ്പാട്ടുകളുടെ സവിശേഷതയാണ്. ഭാഷാപഠനത്തിനു *നോ. 0. 1. 1 – 0. 3. 2.*

ഇത്തരം ശൈലീവിശകലനത്തിൽ പരിഗണിക്കേണ്ട ചില കാര്യങ്ങളുണ്ട്. ആശയങ്ങളുടെയും ഭാഷാരൂപമാതൃകകളുടെയും വാങ്മയങ്ങളുടെയും കാര്യത്തിൽ ജൂതരുടെ നാടോടിപ്പാട്ടുകൾക്ക് ഹീബ്രുഭാഷയിലുള്ള ജൂതമതസാഹിത്യവുമായുള്ള ബന്ധം നിർണ്ണായകമാണ്. കവിതയിലും കഥയിലും പാട്ടിലും പ്രത്യക്ഷപ്പെടുന്ന ആശയങ്ങൾ ഹീബ്രുവിലുള്ള അനുദിനപ്രാർത്ഥനയിൽനിന്നു കടന്നുവരുന്നതാകാം. ഇവയുടെ അടിസ്ഥാനത്തിൽ കേരളീയജൂതരുടെ ആശയലോകത്തെക്കുറിച്ചു അചാല്യമായ തീർപ്പുകൾ നൽകുന്നതു ശരിയല്ല. ഇക്കാര്യങ്ങളെക്കുറിച്ചൊക്കെ വ്യത്യസ്തങ്ങളായ ധാരണകളും അഭിപ്രായങ്ങളും ജൂതസമൂഹത്തിലുണ്ട്. അത്തരം വൈവിധ്യങ്ങൾ പരമാവധി പ്രകടമാകുന്നതാണ് അവരുടെ മതസാംസ്കാരിക ചരിത്രം. ജൂതസംസ്കാരത്തെയും ചിന്തയെയും ഏകശിലാത്മകമായി മനസ്സിലാക്കുന്ന നിഷ്കളങ്കത ഒഴിവാക്കേണ്ടതാണ്. ജൂതചിന്തയുടെയും നട

പടിക്രമങ്ങളുടെയും സാംസ്കാരിക വിഭവങ്ങളുടെയും ആഖ്യാനമാതൃകകളുടെയും പ്രദർശനശാലയാണ് ജൂതസാഹിത്യം. മതാത്മകമായ ഏതു വിഷയവും ജൂതസമൂഹത്തിൽ ഒരു സംവാദമായി വികസിക്കുന്നു. ബൈബിളിലെ പുരാണമണ്ഡലം പോലും ജൂതലോകത്ത് ഇത്തരം സംവാദത്തിലൂടെ പച്ചപിടിച്ചു വളർന്നു. ഭാഷ്യരൂപത്തിലുള്ള വളർച്ചയാണ് മിദ്രാഷായി അരങ്ങിലെത്തുന്നത്. *നോ. മു. കു. പു. 29.*

ജൂതരുടെ മലയാളം പെൺപാട്ടുകളിൽ നല്ലൊരുഭാഗം ബൈബിൾ പാട്ടുകൾ എന്ന ഗണത്തി(11 – 24) ലാക്കി പഠിക്കാവുന്നതാണ്. ബൈബിളും മലയാളഭാഷയും തമ്മിലുള്ള ബന്ധം തുടങ്ങുന്നതു ജൂതരുടെ നാടോടിപ്പാട്ടിലാണ്. ഇന്നോളം ഗവേഷകർ ഗൗനിക്കാതെപോയ സുപ്രധാന സാഹിത്യചരിത്രവസ്തുതയാണിത്. ബൈബിളിലെ ഗദ്യവാക്യങ്ങൾ വൃത്തത്തിലാക്കിയാൽ ബൈബിൾക്കവികളാകാം എന്നും അതാണ് ബൈബിളിനോടുള്ള വിശ്വസ്തത എന്നും കരുതുന്നവർക്ക് ജൂതപ്പാട്ടുകൾ നല്ല ഔഷധമാണ്. അനേകം പാഠഭേദങ്ങളോടുകൂടി ബൈബിൾക്കഥകൾ നാടോടിസാഹിത്യമായി മലയാളത്തിൽ നിലനിൽക്കുന്നു. ബൈബിൾക്കഥകൾ ജൂതപ്പാട്ടിൽ കലർന്നിരിക്കുന്നതിന്റെ തോതും തരവും നോക്കുമ്പോൾ അവ മലയാള നാടോടിഗാനശേഖരത്തിന്റെ അടിയടരാണെന്നു പറയാം.

ബൈബിൾക്കഥകൾ വിഷയമാകുമ്പോൾ പെൺപാട്ടുകളിലെ ഭാവന സൗന്ദര്യത്തിന്റെയും ചിന്തയുടെയും ചിറകുകളിലേറി പറന്നുയരുന്നു. മൂലത്തോടുള്ള വിശ്വസ്തതയല്ല സർഗ്ഗാത്മകമായ വളർച്ചയാണ് അവയുടെ പൊതുസ്വഭാവം. ഓരോ പാട്ടും ബൈബിൾക്കഥകളുടെ പുനർജന്മങ്ങളാണ്. ഭാരതീയ പദാവലിയിൽ പറഞ്ഞാൽ പുതിയ അവതാരങ്ങളാണ്. രാമായണവും മഹാഭാരതവുമെല്ലാം മലയാളത്തിലേക്ക് ആദ്യം കടന്നുവന്നത് ഇത്തരം അവതാരങ്ങളായിട്ടാണല്ലോ. നാടോടിപ്പാട്ടുകൾ, രാമചരിതം, കണ്ണശ്ശരാമായണം, രാമായണചമ്പു, രാമായണം കിളിപ്പാട്ട് എന്നിവയൊന്നും മൂലത്തോടുള്ള വിശ്വസ്തത കൊണ്ടല്ല മലയാളസാഹിത്യവ്യവസ്ഥയോടും മലയാളഭാഷാവ്യവസ്ഥയോടുമുള്ള സൗന്ദര്യാത്മകവും സദാത്മകവുമായ വേഴ്ചയിലൂടെയാണ് മികവുറ്റ രചനകളായിത്തീർന്നത്. പുരാണ സംക്രമണവിഷയത്തിൽ ജൂതരുടെ പെൺപാട്ടുകൾ കോളണീകരണത്തിനുമുമ്പുള്ള കേരളീയ പുരാണസംക്രമണ മാതൃകയുമായി പൊരുത്തപ്പെട്ടു പോകുന്നു. കോളണീകരണത്തിനുശേഷമുള്ള ബൈബിൾ പുനരാഖ്യാനങ്ങളുമായി കലർത്തി ഇവയെ ഒരു ഗണമായി പരിഗണിക്കാനാവില്ല.

നോട്ബുക്കുകളിൽ ലഭ്യമായ ബൈബിൾപ്പാട്ടുകളിൽ ചുരുക്കം ചിലതുമാത്രമാണ് ഇവിടെ തെരഞ്ഞെടുത്തു ചേർത്തിരിക്കുന്നത്. അവയിൽ സാറാ ഉമ്മാടെ പാട്ടിന്റെ രണ്ടു പാഠങ്ങൾ വ്യത്യസ്തപാട്ടുകളായി (11, 12) ചേർത്തിരിക്കുന്നു. റൂത്തിന്റെ പാട്ട് നാലു സ്വതന്ത്രപാഠങ്ങളായി നൽകിയിട്ടുണ്ട്. ബൈബിൾപ്പാട്ടുകളുടെ നാടോടിത്തം മനസ്സിലാക്കാൻ ഓരോ പാട്ടിന്റെയും വ്യത്യസ്തപാഠങ്ങൾ വിശദമായി അപഗ്രഥിക്കണം. ഭാഷാസ്വരൂപം, പുരാണക്കലർപ്പ്, ആഖ്യാനതന്ത്രങ്ങൾ, സന്ദേശം എന്നിവയെല്ലാം മുൻനിറുത്തി വിശദപഠനങ്ങളാകാം.

റൂത്തിന്റെ കഥ സാഹിത്യമേന്മകൊണ്ടുതന്നെ ശ്രദ്ധേയമാണ്. അതിനു പെൺപാട്ടിൽ നാലു വ്യത്യസ്ത പാഠപാരമ്പര്യങ്ങളുണ്ട്. 'ജാതിയല്ലാത്ത ഗൊലത്തിപോയ് കെട്ടി'യതിന്റെ കഥയായി ചില പാഠങ്ങൾ പരിണമിച്ചിരിക്കുന്നു. 'ജൂതർ ഗുലം കൂടുവാൻ' ആശിക്കുന്നവർക്കുള്ള മുന്നറിയിപ്പുകൾ മിക്ക പാഠങ്ങളിലെയും പ്രധാനപ്പെട്ട സന്ദേശമാണ്. ഓരോ പാഠവും എന്തുപറയുന്നു, എങ്ങനെ പറയുന്നു എന്ന അന്വേഷണത്തിലൂടെ പാട്ടുകൂട്ടായ്മയുടെ സ്വത്വത്തിലേക്കും ചരിത്രത്തിലേക്കും സഞ്ചരിക്കാൻ ശ്രദ്ധാലുക്കളായ ഗവേഷകർക്കു കഴിഞ്ഞേക്കും. സംഭാഷണങ്ങളിലൂടെ വിടർത്തിപ്പറയുകയും അന്വാഖ്യാനങ്ങളിലൂടെ ഒതുക്കിപ്പറയുകയും ചെയ്യുന്ന ഭാഗങ്ങൾ താരതമ്യം ചെയ്തു വിവിധപാഠങ്ങളുടെ ആഖ്യാനശില്പങ്ങൾ പരിശോധിക്കാവുന്നതാണ്. ഉദാഹരണത്തിന് ബൈബിൾക്കഥ ചുരുക്കിപ്പറയുകയാണ് പരദേശികളുടെ പാട്ട് (19). തെക്കുംഭാഗക്കാരുടെയും കടവുംഭാഗക്കാരുടെയും പാഠങ്ങളി(20,21,22) ലാകട്ടെ നാടകീയ വിപുലനംകൊണ്ടു കഥാത്വം വർധിപ്പിക്കുന്നു. ഭാഷാസ്വരൂപം പരിഗണിച്ചാൽ വർണ്ണപദവാക്യാതലങ്ങളിലെല്ലാം വ്യത്യാസങ്ങളുണ്ട്. അവ ചിട്ടയായി പരിഗണിച്ചാൽ വിവിധ പാട്ടുകൂട്ടായ്മകളുടെ ഭാഷാഭേദപഠനത്തിനു വകയായി. റൂത്തിന്റെ പാട്ടിൽ ഒരു വ്യക്തിനാമത്തിനും ഒരു സ്ഥലനാമത്തിനും സംഭവിക്കുന്ന പരിണാമം നോക്കുക.

| പാട്ട് | 19 | 20 | 21 | 22 |
|---|---|---|---|---|
| വ്യക്തിനാമം | ബൊആസ് | ഭുവാസ് | ബൊആസ് | ഫുവാസ് |
| സ്ഥലനാമം | യെറുശുലം | യെറുശലായിം | ജറുശാലായിം | എറുശലായ് |

ഇത്തരം താരതമ്യ വിശകലനത്തിലൂടെ തെളിഞ്ഞു കിട്ടുന്ന വ്യത്യാ

സങ്ങളും ബന്ധങ്ങളും ഉപയോഗിച്ച് അന്തർവിജ്ഞാനീയപരമായി പെൺപാട്ടുകൾ വിശകലനം ചെയ്യാം.

ജൂതപ്പാട്ടുകളിൽ മിദ്രാഷിന്റെ അംശങ്ങൾ സുലഭമാണ്. അവ തിരിച്ചറിഞ്ഞു സൂചനകൾ വ്യാഖ്യാനിക്കാൻ ജൂതവിജ്ഞാനം കൂടിയേ തീരൂ. കേരളത്തിലെ ജൂതസ്ത്രീകൾക്ക് ഇത്തരം വിജ്ഞാനവും വ്യാഖ്യാനവും വശമായിരുന്നു എന്നു ജൂതപ്പാട്ടുകൾ തെളിയിക്കുന്നു. മലയാളം പെൺപാട്ടുകളിലെ മിദ്രാഷിന്റെ അടരുകൾ വേർതിരിച്ചു അവയുടെ സംക്രമണശൃംഖല തിരിച്ചറിയാൻ കഴിഞ്ഞാൽ സംസ്കാര ചരിത്രപഠനത്തിൽ ഏറെ വെളിച്ചം ലഭിക്കും. വിവിധ പാഠങ്ങൾ ഉപയോഗിക്കുന്ന മിദ്രാഷുകളുടെ വൈവിധ്യം കണക്കിലെടുത്തു പാട്ടു കൂട്ടായ്മകളുടെ സ്വത്വവിചാരണ നടത്തുകയും ചെയ്യാം. ഇത്തരം ചില സാധ്യതകൾ വ്യാഖ്യാനക്കുറിപ്പുകൾ സൂചിപ്പിക്കുന്നുണ്ട്.

മോശയെക്കുറിച്ചുള്ള മൂന്നു പാട്ടുകൾ കാർകുഴലിയിൽ ചേർത്തിരിക്കുന്നു. മോശെയെക്കുറിച്ച് നോട്ബുക്കുകളിൽ ഇനിയും പാട്ടുകളുണ്ട്. മിദ്രാഷു കലർത്തി മോടിപിടിപ്പിച്ചവയാണ് ഇത്തരം പാട്ടുകൾ. ഉദാഹരണത്തിനു പതിമൂന്നാം സേവർ തോറാടെ പാട്ട് (16) മോശെയുടെ അന്ത്യം മിദ്രാഷുകൾ ഉപയോഗിച്ചു വിടർത്തിപ്പറയുന്നു. വാഗ്ദത്തഭൂമിയിലേക്കു പ്രവേശിക്കാൻ തുടങ്ങുമ്പോൾ നാടകീയമായി 'യർധെൻ (= യോർദ്ദാൻ) കടക്കെല്ലെ' എന്ന് അരുളപ്പാടുണ്ടാകുന്നു. മോശെയുടെ പ്രതികരണം: 'സങ്കടം കാമാനൊ ഞാനും സന്തോഷമില്ലേ ഇനിക്കു'. പിന്നെയെല്ലാം മിദ്രാഷിനെ പിന്തുടർന്നു ഭക്തിമയമായി മാറുന്നു. *നോ. 16. 2. 1* . വികാരപ്പൊലിമയുള്ള നാടൻപാട്ടാണിത്. കൂനായമലയുടെ പാട്ടിലു(14)മുണ്ട് മിദ്രാഷിന്റെ കലർപ്പ്. ചെറുമയുടെ വലുമ വെളിവാക്കുന്ന പാട്ടാണിത്. ബൈബിൾ സങ്കല്പനങ്ങളുടെ കാവ്യോചിതമായ വികാസം ഇവിടെ കാണാം. ഇവിടെ ചേർത്തിരിക്കുന്ന യോസേഫ് സദ്ധിക്കിന്റെ പാട്ട്, വിശിഷ്യ അതിന്റെ പ്രാരംഭ ഭാഗം ഇന്നും ജൂതസമൂഹം ഭാവതീവ്രതയോടെ ആലപിക്കുന്നതാണ്. യോസേഫിനെക്കുറിച്ചും ധാരാളം പാട്ടുകൾ കൈയെഴുത്തിലുണ്ട്. 'സൗന്ദര്യം യോസേഫി'നെ സൗന്ദര്യമൂർത്തിയായി അവതരിപ്പിക്കുന്ന ബൈബിൾ പാരമ്പര്യം പാട്ടുകാർ നിലനിറുത്തുന്നു. സൗന്ദര്യം ധർമ്മപഥത്തിൽ പ്രലോഭനങ്ങൾ ക്ഷണിച്ചുവരുത്തും; അത്തരം സന്ദർഭങ്ങളിൽ 'വസ്ത്രം വിട്ടും സത്യത്തെ ഓടികാത്ത' യോസേഫിന്റെ വീരോചിതമാതൃക പിന്തുടരുക എന്ന സന്ദേശമാണ് പാട്ടിലുള്ളത്. പെൺപക്ഷത്തുനിന്നുകൊണ്ടുള്ള പുനർവിവരണത്തിനു പാട്ടുകാർ ഒരുമ്പെടുന്നില്ല. ഇന്നത്തെ നിലയിൽ ജൂതപ്പാട്ടുകളുടെ പെൺമ തേടുന്നവർ

പൊത്തിഫറിന്റെ ഭാര്യയ്ക്കു സ്വരമില്ലാതെ പോയതിലും ഖേദിക്കും. *നോ. 13. 2. 1 –13. 2. 2.* മൊത്തത്തിൽ ജൂതപ്പാട്ടുകൾ കാനോനികപാഠങ്ങളുടെ തുടർച്ചയാണ്. സംവേദനതന്ത്രങ്ങളിലാണ് പെൺമയുടെ അടയാളങ്ങൾ കണ്ടെത്താൻ കഴിയുന്നത്. പറച്ചിലിലാണ് പറയുന്നതിന്റെ പുതുമയും പെൺമയും. *നോ. 13. 2. 1 –13. 2. 4.* ആശുവേറൊശിന്റെ പാട്ടും ആധാരപ്പെട്ടിയും എസ്തേറിന്റെ കഥ പറയുന്നു. എസ്തേറിന്റെ ചരിത്രം ജൂതർക്കു ആത്മവിശ്വാസവും ആഹ്ലാദവും നൽകുന്ന വീരഗാഥയാണ്. ജൂതവംശീയതയുടെ കൊണ്ടാടലാണ് ഇതിലുള്ളത്.

സാധാരണവായനക്കാരെ ഏറെ രസിപ്പിക്കുന്നവയാണ് ദാവീദിനെക്കുറിച്ചുള്ള രണ്ടു പാട്ടുകൾ (17,18). അവയിലെ കഥാത്വവും സന്ദേശവും മാത്രമല്ല, ഫലിതബോധവും ഏറെ ശ്രദ്ധേയമാണ്. ജൂതമനസ്സ് ബൈബിളിനോടു പുലർത്തുന്ന തുറന്ന മാനസികസൗഹൃദം തിരിച്ചറിയാൻ ഈ പാട്ടുകളുടെ അയവുള്ള ആഖ്യാനം ഉപകരിക്കും. ദേവീദേവന്മാരെയും പുരാണനായകരെയും സാധാരണ മനുഷ്യരായി സഹൃദയസന്നിധിയിൽ അവതരിപ്പിച്ച നമ്പ്യാർ പാരമ്പര്യമുള്ള മലയാളത്തിന് ഇത്തരം പുരാണപുനരാഖ്യാനശൈലി സുപരിചിതമാണ്. മലയാളനാടോടിസാഹിത്യത്തിൽ പൊതുവേ ഹാസ്യത്തിനു വേണ്ടുവോളം ഇടമുണ്ട്. ഇക്കാര്യത്തിലും ജൂതപ്പാട്ടുകൾക്കു കേരളീയതയുണ്ടെന്നു പറയാം.

ജൂതരുടെ പെൺപാട്ടുകളിലെ പെൺമ സാഹിത്യരസികർക്ക് അവഗണിക്കാനാവില്ല. സ്ത്രീയുടെപേരിൽ നോട്ബുക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതു സാറാഉമ്മാടെ പാട്ടാണ്. റൂത്തിന്റെ പാട്ട് എന്ന ശീർഷകം സമ്പാദകൻ നൽകിയതാണ്. ഏലിമേലേഹിന്റെ പാട്ട് എന്നാണ് കൈയെഴുത്തിൽ. റൂത്തിന്റെ ഭർത്തൃപിതാവായ ഏലിമേലേഹ് അപ്രധാന കഥാപാത്രമാണ്. എസ്തെറിന്റെ കഥ വിവരിക്കുന്ന പാട്ടിന്റെ പേര് ആശുവേറൊശിന്റെ പാട്ട് എന്നാണ്. ബൈബിളിൽ റൂത്തിന്റെയും എസ്തേറിന്റെയും പേരുകൾ ഗ്രന്ഥനാമങ്ങളായി കാണുന്നുണ്ടെങ്കിലും നോട്ബുക്കുകളിൽ പെൺപേരുകൾ ഒഴിവാക്കിയിരിക്കുന്നു. നോട്ബുക്കുകളിലൂടെയുള്ള പാഠസംക്രമണം പഠിക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കണം. ആഖ്യാനങ്ങളുടെ പൊതുസ്വഭാവം പരിഗണിച്ചാൽ സ്ത്രീകഥാപാത്രങ്ങളെ മിഴിവുറ്റ രീതിയിൽ അവതരിപ്പിക്കാൻ പാട്ടുകളിൽ ശ്രമമുണ്ട്. ആഖ്യാനശൈലി പരിഗണിച്ചാൽ, പുരുഷദൃഷ്ടിയല്ല, പെണ്ണറിവിന്റെ തനിമയാണ് ജൂതരുടെ പല പെൺപാട്ടുകളിലും കൺവഴിയായി തെളിഞ്ഞുകാണുന്നത്. സ്ത്രീകഥാപാത്രങ്ങളെ മങ്ങൂഴത്തിലാക്കുന്നില്ലെന്നു മാത്രമല്ല സാധ്യമാകുന്നിടത്തെല്ലാം സംഭാഷ

ണങ്ങൾ നൽകി സ്ത്രീകളെ സജീവ കഥാപാത്രങ്ങളാക്കുന്നുണ്ട്. സാറാ ഉമ്മാടെ പാട്ടിലെ (11) ഉമ്മായുടെ ചിരിയും സംഭാഷണവും ശരീരപരത പ്രകടമാക്കുന്ന വ്യവഹാരങ്ങളും പെണ്ണറിവായി വേണം കണക്കാക്കാൻ. 'മുപ്പത്തിരണ്ടാളുകൂടി തുറക്കുന്ന വൈങ്കല്ല്' സ്വയം എടുത്തുമാറ്റുന്ന റിബുഹാഉമ്മാ കായികശക്തിയുടെ മാത്രം ഉടമയല്ല. 'കെട്ടും കഴിഞ്ഞി ഇരിക്കുന്ന നേരത്ത്', "റിബുഹാ ഉമ്മാ നിന്റെ പട്ടാങ്ങ കണ്ടില്ല." എന്നു സംശയിച്ചു ചോദിക്കുന്നവരോട് "എലിയെ തേർ അടിയാര വിളിച്ചങ്ങ് ചോദികു" എന്നു തന്റേടത്തോടെ റിബുഹാ ഉമ്മാ (12) മറുപടി പറയുന്നു. 'യോനാൻ പറഞ്ഞൊറി മാടപ്പിറാവു വന്ന്' 'ചിറകു വിരിച്ച്' അവൾക്കുവേണ്ടി സാക്ഷ്യം നൽകുകയും ചെയ്യുന്നു. ലൈംഗികതയെച്ചൊല്ലി സ്ത്രീയെ മെരുക്കാൻ ശ്രമിക്കുന്ന പുരുഷതന്ത്രത്തെ കൗശലപൂർവ്വം നേരിടുകയാണ് റിബുഹാ. എസ്തേറാകട്ടെ ഓമോനെ ലൈംഗികാപവാദത്തിന്റെ കുരുക്കിൽപെടുത്തിയാണ് (23) സ്വജനത്തെ രക്ഷിക്കുന്നത്:

ഹാ ഓമന കട്ടുമേൽ ഒപ്പിച്ചിരുത്തീതേ
ഓമന കട്ടുമെൽ ഓമോൻ കിടന്നുതേ
ഒപ്പുകുത്തിയതോ എസ്തൊറ മല്ക്കോയും

എന്നിങ്ങനെ ചുരുങ്ങിയ വാക്കുകളിൽ പ്രതിനായകന്റെ പതനം എസ്തേറിനെ കേന്ദ്രീകരിച്ച് പാട്ടിൽ അവതരിപ്പിക്കുന്നു. വേണ്ടുവോളം വ്യാഖ്യാനത്തിനു ഇടം നൽകുന്ന ചുരുക്കിപ്പറയലാണിത്. ഒതുക്കിപ്പറയുന്നു പെൺമൊഴി എന്ന് ഇതിനെ വിശേഷിപ്പിക്കാം. ഇതേ പാട്ടിലെ ഓരോ വരികളിൽ മാത്രം പ്രത്യക്ഷപ്പെടുന്ന രണ്ടു സ്ത്രീകഥാപാത്രങ്ങളുണ്ട്. 'ദേറെശിനപ്പം വിജാരം കൊണ്ടുതേ' എന്ന ഒറ്റവരിയിലൂടെ അവളുടെ ദുരന്തകഥ മിന്നൽപ്പിണർപോലെ അവതരിപ്പിക്കുന്നു. ഭർത്താവായ ഓമോനും 'പർശ്ശൻ ദാന മുതൽ വൈജാതെ വരെ'യുള്ള മക്കളെല്ലാവരും എസ്തേറിന്റെ കുരുക്കിൽ വീണു കഴുവിലേറ്റപ്പെടാൻ പോകുന്നതിന്റെ (24) പശ്ചാത്തലമായിട്ടാണ് ദേറെശ്ശിനെക്കുറിച്ചുള്ള ഈ മിന്നൽപരാമർശം. 'പണ്ടവൻ കല്പിച്ചു വസ്തിന കൊല്ലുവാൻ' (23) എന്ന ലഘുവാക്യം പെൺമനസ്സിന്റെ ധാർമ്മികവിഹ്വലതകൾ സൂചിപ്പിക്കുന്നു. ബൈബിളിലെ എസ്തേറിന്റെ പുസ്തകത്തിൽ വസ്തിരാജ്ഞിയുടെ ദുരന്തം വിവരിച്ചിരിക്കുന്ന കഥാഭാഗങ്ങൾ മനസ്സിലുള്ളവരാണ് പാടുന്നവരും കേൾക്കുന്നവരും എന്ന് ഓർമ്മിക്കുക. നാടോടിപ്പാട്ടുകൾ സ്വയംപര്യാപ്തങ്ങളായ സംവേദനരൂപങ്ങളല്ല. അവ പ്രകടനത്തിലൂടെയാണ് സംവേദനം നിർവഹിക്കുന്നത്. പെൺപാട്ടുകളുടെ അപഗ്രഥനത്തിൽ ഇക്കാര്യം പ്രത്യേകം പരിഗണിക്കണം. *നോ. 23. 0. 2.*

ജൂതപ്പാട്ടുകൾ പാട്ടുകൂട്ടായ്മയുടെ അറിവുമേഖലയിലാണ് മേയുന്നത്. അവിടത്തെ ജ്ഞാനപരിസ്ഥിതി പാട്ടിന്റെ വരികളിൽ ഉണ്ടാവില്ല. പക്ഷേ പാട്ടുകൂട്ടായ്മയ്ക്കു അതു അനുഭവവേദ്യമാണ്. പാട്ടിന്റെ ഇന്നത്തെ കേഴ്‌വിക്കാരനും വായനക്കാരനും മറ്റൊരു ജ്ഞാനപരിസ്ഥിതിയിലാണ്. നാടൻപാട്ടിന്റെ പൊരുൾ തിരിക്കുമ്പോൾ ജ്ഞാനപരിസ്ഥിതിയെക്കുറിച്ചുള്ള തീക്ഷ്ണബോധം വേണമെന്നു സാരം. നാട്ടറിവിലെ വല്ലായ്മകൾ (textual irritants) പലതും ജ്ഞാനപരിസ്ഥിതി ബോധത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കാൻ കഴിഞ്ഞേക്കും. ജൂതപ്പാട്ടുകളുടെ ഇത്തരം വിശകലനത്തിൽ വ്യത്യസ്ത കൂട്ടായ്മകളുടെ ജ്ഞാനപാരമ്പര്യങ്ങൾ അഥവാ അറിവുവഴികൾ തെളിഞ്ഞുകിട്ടും. ഉദാഹരണത്തിനു ബൈബിളിലെ ചില ആഖ്യാനമൂലകങ്ങൾ, കഥാപാത്രങ്ങൾ എന്നിവയെക്കുറിച്ച് ഓരോ ഉപസമൂഹത്തിനും വ്യതിരിക്തങ്ങളായ ധാരണകളുണ്ടായിരിക്കാം. മനസ്സിലുറച്ച ഇത്തരം അറിവുകളുടെ ചുറ്റുപാടിലാണ് പാട്ടുണ്ടാകുന്നതും നിലനിൽക്കുന്നതും പരിണമിക്കുന്നതും. പാട്ടുകൂട്ടായ്മയുടെ മനസ്സിലുറച്ച അറിവുകൾ ആവർത്തിച്ചുറപ്പിക്കാൻ പാട്ട് ഉപകരണമാകും. ഇതു നാടൻപാട്ടിന്റെ പ്രബോധനധർമ്മമാണ്. കാർകുഴലിയിലെ മിക്ക പാട്ടുകളും കേരളീയ ജൂതരുടെ മതവിജ്ഞാനപാരമ്പര്യങ്ങൾ (doxic traditions) വെളിവാക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നവയാണ്. അത്രയുംകൊണ്ടു അവസാനിക്കുന്നില്ല അവയുടെ വൈജ്ഞാനികധർമ്മം. ഓരോ പാട്ടുകാരിയും കേഴ്‌വിക്കാരിയും വായനക്കാരിയും പാട്ടുകളിൽ മേയുകയാണ്. പുതിയ ജ്ഞാനപരിസ്ഥിതിയിൽ അവർ പാട്ടിന്റെ ജ്ഞാനശൃംഖലയിൽ ഇടപെട്ടു വല്ലായ്മകൾ പരിഹരിക്കാൻ ഭാഷ്യങ്ങൾ ചമയ്ക്കുന്നു. ബൈബിൾപ്പാട്ടുകളുടെയും ആരാധനാഗീതങ്ങളുടെയും കാര്യത്തിൽപോലും ജൂതപ്പാട്ടുകളിലൂടെ അറിവിന്റെ പുതിയ കണ്ണികൾ ഉണ്ടാകുന്നു. നാടൻപാട്ടുകളുടെ പൊരുളിനെ തടഞ്ഞുവയ്ക്കാൻ തീവ്രവാദികൾ ശ്രമിക്കാറുണ്ടെങ്കിലും വിജയിക്കാറില്ല. നാടൻപാട്ടുകളിലൂടെ തന്നെ പാട്ടറിവുകൾ പരിണമിക്കുന്നു. ചുരുക്കത്തിൽ, അറിവുകൾ ഉറപ്പിക്കുന്നതും പകരുന്നതും വളർത്തുന്നതും നാടൻപാട്ടുകളുടെ ധർമ്മങ്ങളാണ്. നാടോടിസാഹിത്യത്തെ പഴമ്പൊരുളായി മാത്രം കണക്കാക്കുന്നവർ ഇക്കാര്യം ഗൗനിക്കേണ്ടതുണ്ട്. സുവ്യക്തവും സുനിശ്ചിതവുമായ പാഠത്തിൽനിന്നു പൊരുൾ സ്വയമേവ ഒഴുകിയെത്തുന്നു എന്ന നിഷ്കളങ്കധാരണയാണ് മാറേണ്ടത്.

ഭാഷ്യങ്ങളാണ് ജൂതപ്പാട്ടുകൾ എന്നു വാദിക്കാനുള്ള യുക്തി കാനോനിക പാഠങ്ങളിൽ നിന്ന് – ലിഖിതചരിത്രം, ബൈബിൾ, ആരാ

ധനാഗീതങ്ങൾ, മറ്റു ലിഖിതപാഠങ്ങൾ എന്നിവയിൽനിന്നു ജൂതപ്പാട്ടുകൾക്കു ഭാഷാസ്വരൂപത്തിലും ആഖ്യാനമാതൃകകളിലും കഥാമൂലകങ്ങളിലും കഥാപാത്രങ്ങളിലും ഉപപാദനയുക്തികളിലും കാണുന്ന പരിണാമങ്ങളാണ്. കാനോനികപാഠങ്ങളിലെ വല്ലായ്മകൾ വ്യത്യസ്ത പാരമ്പര്യങ്ങൾക്കു വഴിതുറക്കുന്നു. കേരളീയ ജൂതരുടെ ഉൽപത്തി, ജാതി/കുല/ഗോത്ര സങ്കല്പനം, ജൂതത്തം, അപരത്വം, ശരീരബോധം, പെണ്മ, പുരാണം എന്നിവയെക്കുറിച്ചെല്ലാമുള്ള വ്യവഹാരങ്ങളാണ് പാട്ടുകൾ. കാനോനികപാഠങ്ങളുടെ അഴിച്ചുകൂട്ടലിൽ വ്യാഖ്യാനസമൂഹമായ പാട്ടുകൂട്ടായ്മയുടെ കാലവും കർത്തൃത്വവും ഉപപാദനച്ചിട്ടകളും സാരമായ പങ്കു വഹിക്കുന്നു. *നോ. 1. 0. 1 – 2. 3. 3.* പാഠങ്ങളും സമകാലിക സംസ്കാരവും വായനക്കാരുടെ സന്ദർഭവും കലർന്നുണ്ടാകുന്നവയായിരിക്കും ഇനിയങ്ങോട്ടുള്ള പാട്ടിന്റെ അറിവുവഴികൾ. ജൂതപ്പാട്ടുകളുടെ അറിവുപാരമ്പര്യത്തിൽ ഇടപെടുന്ന പാട്ടുകൂട്ടായ്മയുടെ കേരളത്തിൽനിന്നുള്ള കുടിപറിയലും ഇസ്രായേലിലെ കുടിപാർപ്പും സാംസ്കാരികവിശകലനത്തിലൂടെ പാട്ടറിവുമായി ബന്ധിപ്പിക്കേണ്ടിയിരിക്കുന്നു. ബാർബറായും (1985) വാലർസ്റ്റൈനും (1987) ഈ വഴിക്കു തുടങ്ങിവച്ച പഠനങ്ങൾ സമകാലിക സംസ്കാരപഠനത്തിന്റെ മേഖലകളിലേക്കു വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. ജൂതപ്പാട്ടുകളുടെ ഭാവിപഠനങ്ങൾ ഈ വഴിക്കായിരിക്കാം.

ബൈബിളും മിദ്രാഷും സജീവ വ്യവഹാരങ്ങളായി നിലനിൽക്കുന്ന കൂട്ടായ്മയിലാണ് പെൺപാട്ടുകൾ പൊരുൾ നേടുന്നത്. ദാവീദും മണ്ണാനും എന്ന പാട്ടിൽ (18) ഗോലിയാത്തിന്റെ അമ്മ ഗോലിയാത്തിനെ കൊന്ന ദാവീദിനെ പിടികൂടുന്ന രംഗം വിവരിക്കുന്നുണ്ട്. നൂലുള്ള റാട്ടുകൊണ്ട് അവർ ദാവീദിനെ എറിയുന്നു. 'പലം ഇല്ലാത്ത മരത്തിന്റെ ചൊകട്ടില കൊണ്ടുപോയി വെച്ചിട്ടവെന അറക്കെണം' എന്നാണ് അമ്മയുടെ നിർദ്ദേശം. പെറ്റമ്മയുടെ താപകോപങ്ങളെല്ലാം ഈ വരികളിലുണ്ട്. എന്തുകൊണ്ട് 'പലം ഇല്ലാത്ത മരം' നിർദ്ദേശിക്കുന്നു എന്ന് ആലോചിക്കാവുന്നതാണ്. പുത്രൻ നഷ്ടപ്പെട്ട അമ്മ സ്വയം പാഴ്മരമായി സങ്കല്പിക്കുന്നുണ്ടാകും! *നോ. 18. 2. 1.* അമ്മയുടെ മനസ്സറിയുന്ന പെണ്ണറിവിന്റെ തെളിച്ചം ഇവിടെയുണ്ടാകാം. യോസേഫ് സദ്ധിക്കിന്റെ പാട്ടിൽ (13) യോസേഫിനെ 'സൗന്ദര്യം യോസേഫ്' എന്നു തുടരെ വിളിക്കുന്നതും ഉമ്മായുടെ ഹേബ്രോറയിൽ (= കല്ലറയിൽ) ചെന്നു 'മുഖം അടിച്ചു വീണ്' 'ഉള്ളുരുക്കം' ചൊല്ലുന്ന യോസേഫിന്റെ വാക്കുകളും അമ്മയുടെ മറുപടിയും പെണ്മയുടെ മുദ്രകളുള്ള വചനങ്ങളാണ്.

ജൂതസമൂഹത്തിലെ സ്ത്രീജിവിതത്തിന്റെ ഇന്ദ്രിയതയും ഭൗതികസംസ്കാരവും പ്രകടമാക്കുന്നവയാണ് കല്യാണപ്പാട്ടുകൾ (35 – 47) ഇവയിലെല്ലാം ഊർജസ്വലരായ സഹകാരികളായി സ്ത്രീകൾ പ്രത്യക്ഷപ്പെടുന്നു.

> 'മങ്കെഇരിപ്പിൽ മാപ്പള വന്നു കൂട ഇരുന്നകാലം
> പെസകീനാ മങ്കമാർ മാലദുക്കം ഓടിഉളിച്ചുകൊണ്ടു
> വെറൊരുമങ്ക ഒപ്പെന കാട്ടിചെന്നു പൊയി പൂണ്ടും കൊണ്ട
> അലതികൂടാതെ വായിരി എന്ന അകത്ത വിളിച്ചുംകൊണ്ട
> ഒശർന്ന സ്ഥാനത്തു ചെന്നങ്ങിരിക്കുന്ന
> ഒപ്പെന ചെല്ലുവൊരെ...'

ഇത്തരം പാട്ടിൽ (43) കാണാം. അലങ്കാര മങ്ക (39)യ്ക്കു ചമയങ്ങളും ആഭരണങ്ങളും മാത്രമല്ല, 'ചെർമ്മയിൽ ഒള്ളൊരു താക്കോൽ കൂട്ടവും' നൽകിയിട്ടുണ്ട്. താക്കോൽ വെറും അലങ്കാരമല്ല, അധികാരചിഹ്നമാണ്. 'പൊയിമ്പാൾ ഒളിയുന്ന പെണ്ണിവൾ'ക്കു 'വയിമ്പ നടത്തവും കൈവീശാലും' (37) പെൺപാട്ടിലുണ്ട്. ഇത്തരം താൻ പോരിമയോടെ 'നൂറ്റാണ്ടക്ക ഏറ്റമായി വാണിരിപ്പാനാ'ണു ആശംസ. അതിനു 'തത്ത പോലെ' പഠിച്ച ബുദ്ധി പോരാ (40) എന്നും പെൺപാട്ടുകൾ ഓർമ്മിപ്പിക്കുന്നു. 'മേനി ഒത്തപെണ്ണിനു' (40) കുതിരയിലും (38) കപ്പലിലും (47) കയറിയിറങ്ങാനും 'പെരുവിളക്കായി' വാണരുളാനും പെൺപാട്ടുകൾ ഭാവനയിലൂടെ വഴിയൊരുക്കുന്നു. പൊലിയ പൊലിയ എന്ന പാട്ടിന്റെ മൂന്നു പാഠങ്ങൾ (44, 45, 46) ഈ സമാഹാരത്തിലുണ്ട്. അവയിൽ ശരീരപരതയും ഇന്ദ്രിയതയും സ്ത്രീകളുടെ അനുഭവത്തിന്റെ ഭാഗമായി അവതരിപ്പിക്കുന്നു. വാശിപ്പാട്ടിന്റെ രൂപത്തിലുള്ള പ്രകടനം അവയിലെ ആഖ്യാനശൈലിയെ നിയന്ത്രിക്കുന്നുണ്ട്. അന്തസ്സാരമോ ബാഹ്യസാരമോ എന്നു വേർതിരിക്കാൻ കഴിയാത്ത തരത്തിലുള്ള ആഖ്യാനശില്പം നാടോടി സാഹിത്യത്തിൽ സാധാരണമാണ്. കപ്പലിലെ തുടങ്ങിയ പല കല്യാണപ്പാട്ടുകളിലും ഈ സന്ദിഗ്ദ്ധത പ്രകടമാകുന്നു. മാധ്യമീകരണവുമായി ബന്ധപ്പെടുത്തി സന്ദിഗ്ദ്ധത വിശദീകരിക്കാം. അന്തസ്സാരമോ ബാഹ്യസാരമോ എന്നു തിട്ടപ്പെടുത്താൻ കഴിയാത്ത സന്ദിഗ്ദ്ധത ജനപ്രിയ ആഖ്യാനത്തിന്റെയും സവിശേഷതയാണ്. ജനപ്രിയം (popular) എന്നോ ജനകീയം (folk) എന്നോ വേർതിരിക്കാൻ കഴിയാത്ത ഈ ആഖ്യാനശൈലിയുടെ ശക്തി ബഹുജനസമ്പർക്കമാധ്യമങ്ങൾ വേർതിരിച്ചറിഞ്ഞ് ഉപയോഗിക്കുന്നുണ്ട്. പരസ്യങ്ങൾ, ചലച്ചിത്രഗാനങ്ങൾ, ടെലിവിഷൻ വ്യവഹാരങ്ങൾ, പത്ര

വാരികകളിലെ സ്റ്റോറികൾ, രാഷ്ട്രീയമുദ്രാവാക്യങ്ങൾ എന്നിവയിലെല്ലാം ഈ ആഖ്യാനതന്ത്രം തെളിഞ്ഞുകാണാം. ഇൻഫോടെയിൻമെന്റാ(infotainment)യി ഏതു വ്യവഹാരത്തെയും പരിവർത്തിപ്പിക്കാൻ അന്തസ്സാരമോ ബാഹ്യസാരമോ എന്നു കൃത്യമായി നിശ്ചയിക്കാൻ കഴിയാത്ത ആഖ്യാനശൈലി സഹായിക്കുന്നു. ഇങ്ങനെ കളിയും കാര്യവും കലർത്തിപ്പറയുന്ന ഭാഷയുടെ സൂക്ഷ്മതയും സൗന്ദര്യവും തിരിച്ചറിയാതിരുന്നാൽ നാടോടിസാഹിത്യം മൊത്തത്തിൽ ബാലിശം എന്നോ ഭാഷയുടെ കൊഞ്ചൽമൊഴി എന്നോ വിലയിരുത്തപ്പെടും. നാടൻസാഹിത്യത്തിന്റെയും ബഹുജനസമ്പർക്കമാധ്യമങ്ങളുടെയും ഭാഷാവിശകലനത്തിൽ ഇങ്ങനെയൊരു വകതിരിവ് ഉണ്ടാകേണ്ടതാണ്. ഇത്തരം ഭാഷാവിവേകമുണ്ടാകാത്തതുകൊണ്ടാണ് നാടോടിസാഹിത്യപഠനവും മാധ്യമവിചാരവും ഭാഷാസാഹിത്യവിജ്ഞാനത്തിൽ മാന്യമായ ഇടം നേടാത്തത്. അതുകൊണ്ട് ആധുനിക ഭാഷാശാസ്ത്രം, സമകാലിക സംസ്കാരപഠനം, വ്യവഹാരാപഗ്രഥനം, ആഖ്യാനശാസ്ത്രം, പ്രയോഗവിജ്ഞാനം, നാടോടിവിജ്ഞാനീയം, മാധ്യമപഠനം, പ്രകടനപഠനം എന്നിവയുടെ സിദ്ധാന്തങ്ങളും രീതിശാസ്ത്രങ്ങളും വിവേകപൂർവം പ്രയോജനപ്പെടുത്തുന്ന അന്തർവിജ്ഞാനീയ സമീപനമായിരിക്കും നാടോടിപ്പാട്ടുകൾ പഠിക്കുന്നവർക്കു കരുത്തു പകരുന്നത്. *നോ. 0. 3. 1, 0. 3. 2, 51. 2. 2, 51. 2. 3.*

ജൂതപ്പാട്ടുകളുടെ പഠനത്തിൽ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം അവയിലെ പാഠമിശ്രണമാണ്. കേരളത്തിലെ മറ്റു സമൂഹങ്ങളുടെ പാട്ടുകളിലുള്ള വരികളോ, പദാവലികളോ സവിശേഷ പദങ്ങളോ ജൂതപ്പാട്ടുകളിൽ കാണാം. മാപ്പിളപ്പാട്ടുകൾ, നസ്രാണിപ്പാട്ടുകൾ, തീരദേശത്തെ കർഷകത്തൊഴിലാളികളുടെ പാട്ടുകൾ എന്നിവയുമായി ഭാഷയിലും സംഗീതത്തിലും ജൂതപ്പാട്ടുകൾക്ക് നിസ്സാരമല്ലാത്ത അടുപ്പമുണ്ട്. 2002 സെപ്റ്റംബറിൽ ശ്രീശങ്കരാചാര്യ സംസ്കതസർവകലാശാലയിൽ നടന്ന ഒരു ചർച്ചായോഗത്തിൽ ഡോ. പി. പവിത്രൻ, ഡോ. അജു നാരായണൻ, കെ. ആർ. സജിത എന്നിവർ ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. ഷംഷാദ് ഹുസൈനും കെ. വി. ശശിയും പിന്നീട് കൂടുതൽ ഉദാഹരണങ്ങൾ നല്കി. തോറ്റംപാട്ട്, വടക്കൻപാട്ട് എന്നിവയിലെ ചില പ്രയോഗവിശേഷങ്ങളും ഈണങ്ങളും പോലും ജൂതപ്പാട്ടുകളിൽ കേൾക്കാം എന്നു ഡോ. ടി. പവിത്രൻ പറഞ്ഞത് ഓർമ്മിക്കുന്നു. *നോ. 5. 1. 1.* ഇത്തരം പാഠമിശ്രണം കേരളത്തിലെ സംസ്കാരസങ്കലനബഹളത്തിന്റെ ഭാഗമായി വേണം വിശദീകരിക്കാനും വ്യാഖ്യാനിക്കാനും. നോ. 1. 0. 2. – 1. 1. 3. ജൂതരുടെ കേരള

പ്രവേശം ക്രിസ്തുവർഷാരംഭത്തിലാണെന്നു സങ്കല്പിച്ചാൽ അവരുടെ ആദ്യകാലപാർപ്പിടങ്ങൾ തുറമുഖനഗരങ്ങൾക്കു സമീപമായിരുന്നിരിക്കണം. പ്രാചീന മുസിരിസിന്റെ ചുറ്റുവട്ടത്താണ് ജൂതകോളണികൾ പിൽക്കാലത്തും നിലനിന്നിരുന്നത്. അടുത്തകാലത്തെ ഖനനഗവേഷണങ്ങൾ സൂചിപ്പിക്കുന്നതുപോലെ പറവൂരിനടുത്തുള്ള പഷ്ണ(=പട്ടണ)മാണ് മുസിരിസെങ്കിൽ പറവൂരെയും ചേന്ദമംഗലത്തെയും ജൂതർ തങ്ങളുടെ പഴമയെക്കുറിച്ചു നടത്തുന്ന അവകാശവാദങ്ങൾ നിരാസ്പദമല്ല. പ്രാചീന യമനുമായുള്ള ബന്ധം കാണിക്കുന്ന അവശിഷ്ടങ്ങൾ പഷ്ണത്തുനിന്നു ലഭിച്ചിട്ടുണ്ട്. (പഷ്ണം എന്ന പേരിനെ പരിഷ്കരിച്ചു പട്ടണമാക്കേണ്ടതില്ല. കച്ചിൽ പഷ്ണത്തെക്കുറിച്ചു പയ്യന്നൂർപ്പാട്ടിൽ പരാമർശമുണ്ട്. പഴയരൂപം പഷ്ണമായിരിക്കണം. ഇന്നത്തെ പട്ടിണി പഷ്ണിയെ പിന്തള്ളി കടന്നുവന്നതാകാം. പഷ്ണിക്കഞ്ഞി ഓർമ്മിക്കുക.) യമനുമായി ബന്ധപ്പെടുത്തി പല നാടോടിപ്പാരമ്പര്യങ്ങളും കേരളീയ ജൂതസമൂഹത്തിലുണ്ട്. നോ. 3. 7. 1. ജൂതവ്യാപാരികൾക്കു ഇന്ത്യയിലേക്കുള്ള വഴിയിൽ ഇടത്താവളമായിരുന്നു യമൻ എന്നു ചരിത്രകാരന്മാർ കണ്ടെത്തിയിരിക്കുന്നു. കെയ്റോയിലെ ഗെനിസ രേഖകൾ (Cairo Genizah Documents) ഇക്കാര്യം വിശദമായി തെളിയിക്കുന്നു. ബി. സി. ആറാം നൂറ്റാണ്ടോളം പഴക്കമുള്ളതാണ് യമനിലെ ജൂതകേന്ദ്രം. ബാബിലോൺ/മെസപ്പൊട്ടോമിയ പ്രദേശത്തു പാർത്തിരുന്ന ജൂതരും കേരളവും തമ്മിൽ രണ്ടായിരം വർഷം മുമ്പ് സമ്പർക്കം ഉണ്ടായിരുന്നതായി ഊഹിക്കാം.

കൊച്ചിയിലെ ജൂതപാരമ്പര്യവും കോളണീകരണഘട്ടത്തിലെ വളർച്ചയും ജൂതചരിത്രത്തിലെ മറ്റൊരധ്യായമാണ്. കേരളജൂതചരിത്രത്തിലെ അടരുകൾ തിരിച്ചറിയുംതോറും ജൂതപ്പാട്ടുകളുടെ ചരിത്രമൂല്യം മാത്രമല്ല, സാഹിതീയവും ഭാഷാപരവുമായ മൂല്യവും വർധിക്കും. എ. ഡി. ആയിരാമാണ്ടിലെ ജൂതചെപ്പേടിലാണ് കേരളജൂതചരിത്രം തുടങ്ങുന്നതെന്നും കൊച്ചിയാണ് അവരുടെ പഴക്കമേറിയ പാർപ്പിടം എന്നുമുള്ള ധാരണകൾ ഉറപ്പിക്കാൻ ജൂതപ്പാട്ടുകളുടെ ഈ സമാഹാരം ഉപകരിക്കില്ല. മറിച്ച്, രണ്ടായിരം വർഷത്തെ പഴക്കമുള്ളതാണ് കേരളജൂതപാരമ്പര്യം എന്നും പശ്ചിമേഷ്യയുമായുള്ള ഉറ്റസമ്പർക്കത്തിലാണ് ജൂതസമൂഹം വളരെക്കാലം നിലനിന്നിരുന്നതെന്നും വാദിക്കുന്നവർക്ക് അനുകൂലമാണ് ജൂതപ്പാട്ടുകളുടെ ചേരുവ (texture). ചുരുക്കത്തിൽ, ജൂതപ്പാട്ടുകളും സമൂഹപ്രക്രിയയുമായി ബന്ധിപ്പിച്ചുള്ള പഠനത്തിനു വേണ്ടുവോളം സാധ്യതയുണ്ടെന്നു ചൂണ്ടിക്കാട്ടാനാണ് ഇത്രയും എഴുതിയത്. മലയാളഭാഷാരൂപീകരണം, കേരളസമൂഹരൂപീ

കരണം എന്നിവയുമായി ബന്ധപ്പെടുത്തി വേണം ജൂതപ്പാട്ടുകളുടെ ഊടും പാവും പരിശോധിക്കാൻ. വംശീയ സംഗീതപഠനത്തിന്റെ സിദ്ധാന്തങ്ങളും രീതിശാസ്ത്രങ്ങളും കൂടി ഉപയോഗിച്ചാലേ ജൂതപ്പാട്ടുകളുടെ ചരിത്രപഠനസാധ്യതകൾ വെളിപ്പെടൂ. ഇത്തരം പഠനങ്ങൾക്ക് ഈ സമാഹാരം പ്രചോദനമാകുമെങ്കിൽ ഞങ്ങൾക്കു സന്തോഷമായി.

മലയാളത്തിലും ഹീബ്രുവിലുമുള്ള പഠനക്കുറിപ്പുകൾ പരസ്പരപൂരകങ്ങളാണെങ്കിലും വ്യത്യസ്തങ്ങളാണ്. മലയാളത്തിലുള്ള ആമുഖപഠനത്തിനും വ്യാഖ്യാനക്കുറിപ്പുകൾക്കും പോരായ്മകളുണ്ടാകാം. അവ ഞാൻ ഏറ്റെടുക്കുന്നു. ഹീബ്രുവിലുള്ള ആമുഖവും വ്യാഖ്യാനക്കുറിപ്പുകളും ഒഫീറയുടേതാണ്. വായനക്കാരുടെ നിർദ്ദേശോപദേശങ്ങൾ ക്ഷണിക്കുന്നു. തുടർന്നുള്ള ഗവേഷണപഠനങ്ങൾക്ക് അവ ഉപകരിക്കും.

**സ്കറിയാ സക്കറിയ**
scariaz@satyam.net.in

ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാല,
കാലടി

ജനുവരി 1, 2005